

# ജരാസന്ധന്റെ പുത്രി

നാടകം

ഇടശ്ശേരി ഗോവിന്ദൻ നായർ

Jarasandhante Puthri
ജരാസന്ധന്റെ പുത്രി
Drama in Malayalam
by Edasseri Govindan Nair
©Rights reserved.

# ജരാസന്ധന്റെ പുത്രി

നാടകം

ഇടശ്ശേരി ഗോവിന്ദൻ നായർ

# ജരാസന്ധന്റെ പുത്രി

**രംഗം 1**

(തിരശ്ശീലയ്ക്കു പിന്നിൽ മഗധ രാജധാനിയിൽ പ്രാസ്തിയുടെ ഗൃഹത്തിൽ വിശാലമായ ഒരു തളം. രാജോചിതമായ 4 ആസനങ്ങൾ – മൂന്നെണ്ണം പീഠങ്ങൾ മതി. കടുംവർണ്ണത്തിലുള്ള വിരികൾ കൊണ്ടു മൂടിയത്. ഒന്നു കസേര തന്നെ വേണം. അത് ആസ്തിമഹാറാണിക്കുള്ളത്. അതും അലംകൃതമായിരിക്കണം. യവനിക ഉയരുന്നതിനു മുമ്പ് അണിയറയിൽ നിന്നു.)

ശ്ലോകം:

ബൃഹദ്രഥബൃഹൽഭുജ പ്രഥമുഴക്കിടും ചൈത്യക-
പ്പെരുംപറ  തകർത്തിതാ പെരിയ മൂന്നു തീജ്വാലകൾ
ഗിരിവ്രജമണഞ്ഞുപോയ്; നൃപതി സജ്ജനായ്, സാഹസോ-
ൽക്കരം മഗധപൌരരേ, കരുതലോടെ വർത്തിക്കുവിൻ.

(യവനിക ഉയരുന്നു)

(ആസ്തി രാജകുമാരി – പ്രൌഢഗംഭീരമായ മുഖഭാവം – അക്ഷമയോടെ കാത്തിരിക്കുന്നു. പ്രതിഹാരി പ്രവേശിക്കുന്നു)

പ്രതിഹാരി: (താണുതൊഴുത്) വലിയ തമ്പുരാട്ടി വിജയിച്ചാലും. (അൽപം സംഭ്രമത്തോടെ) സ്നാതകദ്വിജന്മാർ കാത്തുനിൽക്കുന്നു.  പക്ഷെ...

ആസ്തി: (സ്നാതകദ്വിജരെന്നു കേട്ടപ്പോൾ മുഖത്തണ്ടാവുന്ന ഹാസ്യം മെല്ലെ മറച്ചു) പിന്നെയെന്ത്?

പ്രതിഹാരി: മഹാരാജാവ് കൽപ്പിച്ചത് അവരെ ഇളയതമ്പുരാട്ടിയുടെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടു പോകാനാണ്. ക്ഷമിക്കണേ. ഈ മാറ്റം അടിയൻ അറിഞ്ഞിരുന്നില്ല.

ആസ്തി: ഭയപ്പെടേണ്ട, ഒന്നും മാറീട്ടില്ല. ഇത് പ്രാസ്തിയുടെ ഗൃഹം തന്നെ. മഹാരാജാവിന്റെ ആജ്ഞപോലെ അവർതന്നെ അവരെ സൽക്കരിക്കും. എനിക്കവരെ കാണേണ്ടതുണ്ട്? കൊണ്ടുവരൂ.

(പ്രതിഹാരി പിൻവാങ്ങുമ്പോൾ) നിൽക്കൂ. അവർ ബ്രാഹ്മണരല്ല. ക്ഷത്രിയരോടെന്നപോലെ വേണം ആചാരം. (പ്രതിഹാരി സംഭ്രമിക്കുന്നത് കണ്ടിട്ട്) അവർ  യാദവൻ കൃഷ്ണനും കുന്തീഭോജന്റെ മകളുടെ മക്കൾ ഭീമാർജ്ജുനന്മാരുമാണ്. (പകുതി സ്വഗതമായി) കള്ളവേഷം കെട്ടി നടക്കുന്ന വർഗ്ഗം. (പ്രതിഹാരി പിൻവാങ്ങുന്നു. അസ്വസ്ഥയായ ആസ്തി പിറുപിറുക്കുന്നു) നീ മഗധത്തിലെത്തി; (തീഷ്ണ ഭാവത്തോടെ) നീ മഥുരയിൽ മരുമകൻ; ഗിരിവ്രജത്തിൽ വിരുന്നുകാരൻ. കൃഷ്ണസർപം സ്വന്തം വീട്ടിനുള്ളിൽ! (കൃഷ്ണനും ഭീമാർജ്ജുനന്മാരും പ്രവേശിക്കുന്നു. ആസ്തി എഴുന്നേറ്റ് ഉപചാരം ഭാവിക്കുന്നു. ആഗതന്മാരും തലകുനിച്ച് തൊഴുന്നു.)

കൃഷ്ണൻ: വാസുദേവൻ നമസ്കരിക്കുന്നു.

ഭീമാർജ്ജുനന്മാർ: പാണ്ഡവരും നമസ്കരിക്കുന്നു.

ആസ്തി: കംസവിധവകളുടെ വീട്ടിൽ കൃഷ്ണനെപ്പോഴും അധികാരപൂർവ്വം സ്വാഗതം പ്രതീക്ഷിക്കാം. അവന്റെ ജ്ഞാതികൾക്കും. ഇരിയ്ക്കൂ.

കൃഷ്ണൻ: അവിടുന്നും ഇരിക്കണം.

(എല്ലാവരും യഥോചിതം ഇരിക്കുന്നു)

കൃഷ്ണൻ: മഗധേശ്വരന്റെ സീമന്തപുത്രിയിൽനിന്നു പ്രതീക്ഷിച്ചതുതന്നെയാണ് ഈ സ്വാഗതം. ഞാൻ ഭാഗ്യവാനായി.

ഭീമൻ: നമ്മെ പറഞ്ഞയച്ച ഗൃഹത്തിലല്ല നമ്മൾ വന്നു കയറിയത്. എന്നാലും ഇവിടേയും സ്വീകരണത്തിനു കുറവില്ല.

ആസ്തി: കുമാര, നിങ്ങൾ പ്രാസ്തിയുടെ ഗൃഹത്തിൽ തന്നെയാണ് ഇപ്പോൾ ഉള്ളത്. അവൾ അതിഥിപൂജയ്ക്കു ബദ്ധപ്പെട്ടു  ഒരുക്കം കൂട്ടുകയാണ്. എന്റെ മരുമകനേയും ബന്ധുക്കളേയും

കാണാനുള്ള തിടുക്കംകൊണ്ട് ഞാൻ സ്വീകരിക്കാൻ പാകത്തിൽ ഇവിടെ എത്തി എന്നേ ഉള്ളു.
അർജ്ജുനൻ: വളരെ ചീത്ത സമയത്തു വന്നുകയറിയ വിരുന്നുകാരായി നമ്മൾ.
ആസ്തി: അങ്ങിനെയല്ല കുമാര! ഭാഗ്യം കയറിവരുന്ന മുഹൂർത്തമാണല്ലോ നല്ല സമയം. പ്രാസ്തിക്ക് കൃഷ്ണനെപോലുള്ളവരെ സൽക്കരിക്കാൻ തരമാവുന്നതിൽ കവിഞ്ഞ ഭാഗ്യമുണ്ടോ? (കണ്ണുകൾ തീക്ഷണമാവുന്നു)
കൃഷ്ണൻ: കുമാരന്മാൻ അറിയാത്ത കഥകളുണ്ട്.
ഭീമൻ: അതെന്താണ്?
കൃഷ്ണൻ: ബൃഹദ്രഥമഹാരാജാവിന് ചണ്ഡകൌശികാനുഗ്രഹത്താൽ ഉണ്ടായ മകനാണ് ഇപ്പോഴത്തെ മഹാരാജാവ്.
ഭീമൻ: അതു കേട്ടിട്ടുണ്ട്.
കൃഷ്ണൻ: രണ്ടമ്മമാര് പെറ്റതാണ് ആ ശിശുവിനെ; രണ്ടു പൊളിയായിട്ട്?
ഭീമൻ: എന്നിട്ട്.
കൃഷ്ണൻ: ജരയെന്ന പിശാചിയാണ് ആ മാംസഖണ്ഡങ്ങളെ ചേർത്ത് ജീവിതം പ്രദാനം ചെയ്തത്.
ആസ്തി: ആ ദേവി മഗധന്മാരുടെ ഗൃഹദേവതയാണ്.
കൃഷ്ണൻ: അവളിൽനിന്നു ജീവനോടൊപ്പം ചണ്ഡസാഹസവും കരസ്ഥമാക്കിയെന്നാണ് കേൾവി. മഹാരാജാവിന്റെ കീർത്തിക്കാസ്പദമായ ഗുണവിശേഷമാണല്ലോ അത്.
ഭീമൻ: അത് സ്വാഭാവികവും ആണല്ലോ?
കൃഷ്ണൻ: പക്ഷെ മഹർഷി അച്ഛൻ തമ്പുരാന്റെ സൽക്കാരത്തിൽ പ്രീതനായി വീണ്ടും കുഞ്ഞിനെ അനുഗ്രഹിച്ചുവത്രെ.
ഭീമൻ: എങ്ങിനെ?
കൃഷ്ണൻ: ഇവനും ഔദാര്യനിധിയും അതിഥിപ്രിയനും ആകുമെന്ന്.
ഭീമൻ: അതൊത്തതുതന്നെ. യുദ്ധത്തിനുവന്ന നമ്മളേയും വിരുന്നൂട്ടുകയാണല്ലോ.
അർജ്ജുനൻ: ഇപ്പോൾ മനസ്സിലായി ജരാസന്ധമഹാരാജാവിലുള്ള അമ്പരപ്പിക്കുന്ന ദ്വൈധം. ചണ്ഡസാഹസവും ഔദാര്യവും.
കൃഷ്ണൻ: മഹാരാജാവിന്റെ ഈ രണ്ടാമത്തെ ഗുണത്തിന്റെ മൂർത്തിമൽഭാവമാണ് എന്റെ ഇളയ അമ്മായി. അവരാണല്ലേ നമ്മളുടെ ആതിഥ്യ ക്ലേശം ഏറ്റെടുത്തത്.
ആസ്തി: അപ്പോൾ പറയാതെതന്നെ, മഹാരാജാവിലുള്ള ബലസാഹസത്തിന്റെ മൂർത്ത രൂപത്തേയും കൃഷ്ണൻ നിങ്ങൾക്കു പരിചയപ്പെടുത്തിക്കഴിഞ്ഞുവല്ലോ.
(എല്ലാവരും ചിരിക്കുന്നു)
കൃഷ്ണൻ: മഹാരാജാവിന്റെ ഒരു പുത്രനുണ്ടല്ലോ. വീരവീരനായ ആ സഹദേവയുവരാജാവിന്റെ കിരീടം അവിടുന്നു തട്ടിപറിക്കുകയാണോ? (വീണ്ടും ചിരി)
ആസ്തി: (ഞെട്ടലമർത്തി ചിരിയിൽ പങ്കുകൊണ്ട്) അച്ഛൻതിരുമേനി നിന്നെ മഗധത്തിലെ ന്യായാധിപനായി നിയമിച്ചിട്ടില്ലല്ലോ. ലളിതകലാകോവിദനെന്നു പ്രസിദ്ധനായ ആ യുവരാജാവിനെ തെറ്റിദ്ധരിക്കാൻ മാത്രം വിഡ്ഢിയാണ് നീയെന്നു ഞാൻ വിശ്വസിക്കണോ?
അർജ്ജുനൻ: നർമ്മമധുരമായ സംഭാഷണംപോലെ ഹൃദ്യമായ മറ്റൊന്നില്ല. നമ്മൾ ആനാസം സൽക്കരിക്കപ്പെടുകയാണ്.
ആസ്തി: കുമാരാ, നിന്റെ അമ്മയ്ക്കും അച്ഛനും സുഖമല്ലേ? അവർ ദ്വാരകയിൽ നിന്റെകൂടെയോ അതോ മധുരയിൽത്തന്നേയോ?
കൃഷ്ണൻ: സുഖമായിരിക്കുന്നു. അവർ മധുരയിൽത്തന്നെ.
ആസ്തി: അതെന്തേ, നീ അമ്മാമനെ കൊന്നപോലെ അമ്മയേയും ഉപേക്ഷിച്ചുവോ?
ഭീമൻ: കുശലാന്വേഷണം നന്നാവുന്നുണ്ട്. ചോദിക്കേണ്ടതുതന്നെ.
കൃഷ്ണൻ: അവിടുത്തെ ഭർത്തൃപിതാവായ ഉഗ്രസേന മഹാരാജാവിനെ ഓർമ്മിക്കുന്നുണ്ടോ?
ആസ്തി: (നിരുന്മേഷം) മറന്നിട്ടില്ല.
കൃഷ്ണൻ: അദ്ദേഹവും അമ്മയും ഒരേ ദിവസമാണ് തുറങ്കിൽ നിന്ന് പുറത്തു കടന്നത്.
ആസ്തി: എനിക്കറിയാം. നീ എല്ലാവരുടേയും ബന്ധനം തീർക്കുന്നവനാണല്ലോ.
കൃഷ്ണൻ: വൃദ്ധനായ അദ്ദേഹത്തെ സ്നുഷമാർ ഉപേക്ഷിച്ചുപോയതുകൊണ്ട് എന്റെ അമ്മയ്ക്ക് അദ്ദേഹത്തെ ശുശ്രൂഷിക്കേണ്ടി വന്നിരിക്കുന്നു.
ആസ്തി: എന്റെ കൃത്യലോപത്തെ ഓർമ്മപ്പെടുത്തുകയാവാം. അതേ ധർമ്മസംഹിതപ്രകാരം ഞാൻ എന്റെ പിതാവിനേയും ശുശ്രൂഷിക്കേണ്ടവളാണല്ലോ. പാർത്ഥൻമാരെ, നിങ്ങളുടെ അമ്മക്കും

സുഖമല്ലേ?

ഭീമൻ: ഈശ്വരകൃപയാൽ അവർക്കിപ്പോൾ സുഖമാണ്.

ആസ്തി: അസുരശിൽപി നിർമ്മിച്ചുതന്ന ഇന്ദ്രപ്രസ്ഥത്തെക്കുറിച്ച് ആളുകൾ പുകഴ്ത്തി പറയുന്നത് കേട്ടിട്ടുണ്ട്.

അർജ്ജുനൻ: ധർമ്മാത്മാവായ ജ്യേഷ്ഠന്റെ ഭാഗ്യത്താൽ ഞങ്ങൾക്കതു സിദ്ധിച്ചു.

ആസ്തി: കുമാര, നീയൊരു നാണം കുണുങ്ങിയെപോലുണ്ടല്ലോ.ഞങ്ങൾ കേട്ടതു ശരിയാണെങ്കിൽ നിന്റെ കൈയൂക്കാണ് ആ സമ്മാനം നേടിയത്. അഥവാ അതും യുധിഷ്ഠിരന്റെ ഭാഗ്യം തന്നെ.

അർജ്ജുനൻ: ജ്യേഷ്ഠൻ രാജസൂയം കഴിക്കണമെന്നാഗ്രഹിക്കുന്നു.

ആസ്തി: അതു മനസ്സിലായി. അതിനുവേണ്ടി മഗധത്തെ പൊരുതി ജയിച്ചു കപ്പം വാങ്ങാനാണല്ലേ നിങ്ങൾ വന്നിരിക്കുന്നത്.

ഭീമൻ: മഹാറാണി ഇത്രവേഗത്തിൽ എല്ലാം മനസ്സിലാക്കിയിരിക്കുന്നു.

ആസ്തി: എല്ലാമില്ല.

കൃഷ്ണൻ: എന്താണിനി അറിയാത്തത്?ഞങ്ങളോട് ചോദിക്കാമല്ലോ.

ആസ്തി: കുരുവംശക്കാർ അഭിജാതരാണ്. അവർക്ക് നേരെ വന്നിങ്ങ് കയറാമെന്നിരിക്കെ എന്തിന് നിന്റെ കൂടെ? അതും സ്നാതകദ്വിജവേഷത്തിൽ. പോരെങ്കിൽ അദ്വാരത്തിലൂടെ ചാടിക്കടന്നുവന്നു? മനസ്സിലാവാത്തതാണ് അധികം.

കൃഷ്ണൻ: സ്നാതകവ്രതം ക്ഷത്രിയർക്കുമുണ്ടെന്ന് അവിടേയ്ക്കറിഞ്ഞുകൂടെ?

അർജ്ജുനൻ: കൃഷ്ണൻ ഞങ്ങളുടെ കൂടെ വന്നതാണ്. ദേഹത്തെ ദേഹി പിൻതുടരുന്നു.

ഭീമൻ: ശത്രുഗൃഹത്തിൽ അദ്വാരത്തിലൂടെ കടക്കുന്നത് ധർമ്മ സമ്മതമാണല്ലോ!

ആസ്തി: ശത്രുഗൃഹമോ? കുരുവംശക്കാരും ഗൌതമാന്വയക്കാരും തമ്മിൽ എന്താണ് ശത്രുത?

കൃഷ്ണൻ: അവിടുന്ന് കുലകാര്യം വിസ്മരിക്കുകയാണ്.

ആസ്തി: കുലകാര്യമോ? അതെന്താ?

ഭീമൻ: അത് നന്നായി.ഞങ്ങളുടെ ജ്ഞാതികളായ 99 രാജാക്കന്മാർ ഇവിടുത്തെ മനുഷ്യത്തൊഴുത്തിൽ രുദ്രയജ്ഞം കാത്തുകിടക്കുമ്പോൾ കുലകാര്യം ഇത്ര പറഞ്ഞറിയിക്കാനുണ്ടോ?

ആസ്തി: (അവിശ്വാസദ്യോതകമായി) അപ്പോൾ അതാണ് കാര്യം. കൃഷ്ണ, യുധിഷ്ഠിരൻ രാജസൂയം നടത്താൻ നിശ്ചയിക്കുന്നതിനുമുമ്പും ഈ രാജാക്കന്മാർ ഇവിടുത്തെ തുറങ്കിലുണ്ട്. അച്ഛൻ കാര്യാന്തരവ്യാപൃതനാകയാൽ യജ്ഞം നീണ്ടുപോയതാണല്ലോ.

ഭീമൻ: അല്ലാതെ എണ്ണം നൂറു തികയാഞ്ഞിട്ടല്ല?

ആസ്തി: (ചൊടിച്ച് ഹാസ്യത്തോടെ) കുമാരാ, കൃഷ്ണ പക്ഷീയനുണ്ടല്ലോ. നിങ്ങളുടെ ജ്യേഷ്ഠൻ, അദ്ദേഹം ഈ ഇന്ദ്രപ്രസ്ഥത്തിലുള്ളപ്പോഴേ?

ഭീമൻ: ധിക്കാരത്തിന്...

കൃഷ്ണൻ: (വിലക്കികൊണ്ട്) അവിടുത്തെ ഈ വാക്ക് ന്യായീകരിച്ചുകഴിഞ്ഞു.

ആസ്തി: എന്ത്?

കൃഷ്ണൻ: ഞങ്ങളുടെ പ്രച്ഛന്നവേഷവും അദ്വാരത്തിലൂടെയുള്ള വരവും.

ആസ്തി: ദ്വന്ദയുദ്ധത്തിനുള്ള യാചനയും! കേട്ടിട്ടില്ല. രാജസൂയങ്ങൾ കണ്ടിട്ടുണ്ട്. ദിഗ്വിജയത്തിന്നിറങ്ങുന്ന വീരന്മാരെയും കണ്ടിട്ടുണ്ട്. സൈന്യമില്ലാതെ വേഷം മാറി സ്വകാര്യത്തിൽ എത്തി ഗളാഗളിക്കിറങ്ങിക്കാണുന്നത് നടാടെയാണ്. അഥവാ ഈ എല്ലാ വൈകൃതവും പ്രതീക്ഷിക്കാവുന്നത് തന്നെ!

കൃഷ്ണൻ: അതെന്താണ്?

ആസ്തി: അവരുടെ സഹചാരി നീയാണെന്നത് തന്നെ. ചാരിയാൽ ചാരിയത് മണക്കുമല്ലോ.

ഭീമൻ: മഹാരാജ്ഞി. കൃഷ്ണനെ അവിടേക്ക് എന്തും പറയാം. അമ്മായി ആണല്ലോ. മരുമകനെ ശാസിച്ചും ലാളിച്ചും വളർത്തിയ അധികാരം എവിടെ പോകാനാണ്. ഞങ്ങൾ അന്യന്മാരാണ്. ഇത് നിങ്ങളുടെ ഗൃഹവും ആണ്.

ആസ്തി: കുരുകുലത്തോട് എന്റെ വംശത്തിന് എന്നും ബഹുമാനമേ ഉള്ളു. പാണ്ഡവ, കൃഷ്ണനോട് ഒടുങ്ങാത്ത വൈരമുണ്ടായിട്ടും അച്ഛൻ, അഭിജാതരോടുള്ള ബഹുമാനം കൊണ്ടാണല്ലോ ദ്വന്ദ്വയുദ്ധത്തിന്ന് കുമാരനെത്തന്നെ തിരഞ്ഞെടുത്തത്!

കൃഷ്ണൻ: മിത്രഭേദവിധി ഭംഗിയായി. അമ്മായി. എന്റെ അഭിജാതത്വത്തെ സംശയിക്കുന്നത് അവിടുത്തെ ഭർത്താവിന്റെ കുലശുദ്ധിയെ സംശയിക്കലാവും.

ആസ്തി: കുലകൂടനായ യയാതിയുടെ ശാപം യാദവരിൽ ഇന്നും നിലനിൽക്കുന്നതിന് എന്റെ

ഭർത്താവ് എന്തു പിഴച്ചു?

അർജ്ജുനൻ: ഭഗവൻ, സ്ത്രീകളോട് വാദിച്ചു ജയിക്കാമെന്ന് കരുതുന്നത് വിഡ്ഢിത്തമാണ്. എന്നല്ല, ജരാസന്ധമഹാരാജാവുമായി നമ്മൾ ചെയ്ത കരാറുപ്രകാരം ദ്വന്ദ്വയുദ്ധം അവസാനിയ്ക്കുന്നതുവരെ അതിഥികളായി നാമിവിടെ കൂടുകയും വേണമല്ലോ.

പ്രതിഹാരി: (പ്രവേശിച്ച് ) ഇളയ തമ്പുരാട്ടി കാത്തുനിൽക്കുന്നു.

ആസ്തി: ശരിതന്നെ. പ്രാസ്തി, യാത്രകൊണ്ട് ക്ഷീണിച്ച നിങ്ങളെ സൽക്കരിക്കാൻ അക്ഷമയായി നിൽക്കുകയാവും. ചപലയായ എന്റെ പുലമ്പൽ പ്രഭാതത്തിൽതന്നെ കുമാരഭീമന് കൈക്കൊള്ളേണ്ടി വരുന്ന സംരംഭത്തെ തളർത്തരുതല്ലോ. (എഴുന്നേൽക്കുന്നു)

(മറ്റുള്ളവരും എഴുന്നേറ്റ്)

കൃഷ്ണൻ: മധുരയിൽ നിന്ന് വ്യസനപൂർവ്വം ഞങ്ങൾ യാത്രയാക്കിയ അമ്മായി ആകൃതിയിലും പ്രകൃതിയിലും ഒട്ടും ക്ഷീണിച്ചിട്ടില്ല. അവിടുത്തെ പുനർദർശനമാണ് മഗധത്തിൽ കൃഷ്ണന് ലഭിക്കുന്ന മികച്ച സൽക്കാരം. ഗൃഹസദസ്സുകളിൽവെച്ച് നമുക്കിനിയും കാണമല്ലോ. നമസ്ക്കാരം.

എല്ലാവരും: നമസ്ക്കാരം.

(യവനിക)

**രംഗം 2.**

ആസ്തിയുടെ ഗൃഹം. മറ്റൊരു തളം. അലങ്കരിച്ച ഒരു കസാലയും ഒരു പീഠവും മാത്രം. രാജഗൃഹപ്രതീതിയുണ്ടാക്കുന്ന അലങ്കാരങ്ങൾ: സ്വർണ്ണം കെട്ടിച്ച കാട്ടിക്കൊമ്പുകൾ, എണ്ണഛായച്ചിത്രങ്ങൾ ഇത്യാദി ആസ്തിയും സഹദേവന്റെ മകൻ അഞ്ചാറുവയസ്സായ മേഘസന്ധിയുമുണ്ട് രംഗത്ത്. യവനിക ഉയരുന്നതിനു മുൻപായി അണിയറിൽ നിന്ന്.

തൊണ്ണൂറ്റൊൻപതുവട്ടമേ മഗധ നിൻകയ്യിൽ ഗ്ദദാസ്ഫാലനം,<br>
തൊണ്ണൂറ്റൊൻപതു യോജനാവധി ഗതം ദുർദ്ധർഷമേതദ്ധുരം;<br>
തൊണ്ണൂറ്റൊൻപതു ഭൂപരാൽ പരിമിതം ത്വദ്യജ്ഞസംരംഭ, മ-<br>
ത്തൊണ്ണൂറ്റൊൻപതിനപ്പുറം മുരരിപുദ്ധ്വംസം ചരുദ്രാർച്ചനം!

(യവനിക ഉയരുന്നു)

(അണിയറയിൽ നിന്ന് ഒരു ശബ്ദം)

“ഹോ, ഭയങ്കരം”

ആസ്തി: ആരവിടെ?

ഒരു ഭടൻ: (പ്രവേശിച്ച്) മഹാറാണി ജയിച്ചാലും.

(വന്ദിക്കുന്നു)

ആസ്തി: ആരവിടെക്കിടന്ന് നിലവിളിക്കുന്നത്?

(വീണ്ടും അണിയറയിൽനിന്ന്)

“ങ്ഹോ, ങ്ഹോ, ഭയങ്കരം;

ഭടൻ: അടിയൻ അന്വേഷിച്ച് വരാം.

(പോകുന്നു)

മേഘസന്ധി: അച്ഛൻ പെങ്ങളെ... അത് മുത്തച്ഛന്റെ തല്ലു കൊണ്ടിട്ട് ഭീമസേനൻ നിലവിളിക്കുകയാവ ും

ആസ്തി: മേഘസന്ധി, അത് ഭീമനല്ല. അതൊരു ക്ഷത്രിയനേ അല്ല.

മേഘസന്ധി: എങ്ങിനെ മനസ്സിലായി?

ആസ്തി: ക്ഷത്രിയൻ പേടിച്ചു നിലവിളിക്കില്ല.

മേഘസന്ധി: എന്നാൽ കൃഷ്ണനാവും. അയാൾ യാദവനല്ലേ?

ആസ്തി: വിഡ്ഢിത്തം പറയാതിരിക്കൂ. യാദവരും ക്ഷത്രിയരാണ്.

മേഘസന്ധി: എങ്കിൽ പണ്ടയാൾ മുത്തച്ഛനെ പേടിച്ചു ഓടിയത് എങ്ങിനെ?

ആസ്തി: ഹ, ഹ, ഹ, കുമാരാ, യുദ്ധത്തിൽ തോറ്റു പിൻവാങ്ങും പോലെയാണോ? പേടിച്ചു നിലവിളിച്ച്

കൊട്ടാരത്തിൽ പാഞ്ഞു നടക്കല്?
(അണിയറയിൽ അടുത്ത് നിന്ന്)
“ആവു, രക്ഷപ്പെട്ടു”
ഭടൻ: (പ്രവേശിച്ച്) മഹാറാണി, ജയിച്ചാലും. അത് മാധ്വീക ബ്രാഹ്മനാണ്.
മേഘസന്ധി: (ചിരിച്ച് കുഴഞ്ഞ്) ഹ, ഹ, ഹ, ഹ, വിടു വിടു വിഡ്ഢി.
ആസ്തി: അദ്ദേഹത്തിനെന്തു പറ്റി? ഇങ്ങോട്ടു കൂട്ടികൊണ്ടുവരൂ.
ഭടൻ: ഇതാ അദ്ദേഹം ഓടിവരുന്നു.
മാധ്വീകൻ: (പ്രവേശിച്ച് കിതച്ചുകൊണ്ട്) മഹാറാണി ജയിച്ചാലും.
ആസ്തി: മാധ്വീകാ എന്താണങ്ങേക്ക്?
(ഭടനോട് പൊയ്ക്കൊള്ളാൻ സംജ്ഞ കാണിക്കുന്നു. ഭടൻ പോകുന്നു.)
മാധ്വീകൻ: പറയാം, മഹാറാണി, പറയാം. ഇനി ഇത്തിരി കിതയ്ക്കട്ടെ.
ആസ്തി: (മാധ്വീകന്റെ പരിഭ്രാന്തി കണ്ടുണ്ടായ ചിരി ഒതുക്കുന്നു)
മാധ്വീകൻ: ദക്ഷിണാപഥത്തിൽ നിന്ന് വന്ന മാധ്വീകന് ഇതെല്ലാം പുത്തരിയാണ്.
ആസ്തി: എന്തെല്ലാം? അങ്ങൊന്നും പറഞ്ഞില്ല.
മാധ്വീകൻ: ഇത് ഈ കൊട്ടാരത്തിൽ മനുഷ്യൻ ചിത്രം പോലെ നിശ്ചലനാണ്; നിശ്ശബ്ദനും, പകരം ചുമരിലെഴുതിയ ചിത്രങ്ങളുണ്ടല്ലോ. (ഭയന്ന് തിരിഞ്ഞുനോക്കി) അലറി പാഞ്ഞു നടക്കുകയും!
മേഘസന്ധി: ഇദ്ദേഹം സ്വപ്നം കണ്ടു. സ്വപ്നം കണ്ടു. അച്ഛൻ പെങ്ങളെഞാനും കാണാറുണ്ട്. ഇടുങ്ങിയ ഇടനാഴിയിലൂടെ ആന വരുന്നുണ്ടെന്ന്.
മാധ്വീകൻ: സ്വപ്നമാണോ? അവസാനം? ആവില്ല. ബ്രാഹ്മണൻ മൂന്നാം യാമത്തിൽ ഉണരും. ഞാൻ കണ്ടതോ, ഇതാ ഇപ്പോൾ.
ആസ്തി: ബ്രാഹ്മണാ, എന്തേ ഉണ്ടായതെന്ന് പറയൂ. വിഡ്ഢിത്തം എഴുന്നെള്ളിച്ച് തന്നത്താൻ അപകടത്തിൽ ചാടാൻ നിൽക്കണ്ട! അച്ഛൻതിരുമേനി ഈ കൊട്ടാരകാര്യങ്ങൾ എന്നെ ഏൽപ്പിച്ചാന്ന് ദ്വന്ദയുദ്ധത്തിന്ന് പോയിട്ടുള്ളത്. മഗധത്തിന്റെ ഭാവി തുലാസിൽ കിടന്നാടുമ്പോൾ ഇവിടെ കൂക്കും വിളിയും അനുവദിക്കാൻ നിവൃത്തിയില്ലാ, സ്ഥാനംകൊണ്ട് എത്ര വലിയ ആളായാലും മനസ്സിലാവുന്നുണ്ടോ?
മാധ്വീകൻ: അരുതേ, മാധ്വീകനോടു കോപിക്കരുതേ. സത്യമാണ് പറയുന്നത്. കൊട്ടാരപൂമുഖത്തെ ചിത്രചുമരിന്നു മുൻപിലൂടെ പോരുമ്പോൾ (വീണ്ടും ഭയന്ന് തിരിഞ്ഞുനോക്കുന്നു)
ആസ്തി: പോരുമ്പോൾ?
മാധ്വീകൻ: ജരയുടെ ഭയങ്കര ചിത്രത്തിനു കൂടുതൽ തുടുപ്പു തോന്നി.
ആസ്തി: എന്നിട്ട്?
മാധ്വീകൻ: മാധ്വീകൻ സൂക്ഷിച്ചുനോക്കി. എന്താ ജരേ, നീ പെൺകിടാവു ചമയുകയാണോ എന്ന് ചോദിച്ചുപോയി.
ആസ്തി: മഹാദേവി ഉജ്ജ്വലിക്കുമ്പോൾ കൈ കൂപ്പാനല്ല തോന്നിയത്.
മാധ്വീകൻ: മാധ്വീകന് ആ പാരമ്പര്യമില്ലല്ലൊ.
ആസ്തി: ആട്ടെ എന്നിട്ട്?
മാധ്വീകൻ: വണ്ടിൻ മുരൾച്ചപോലെ ഒരു ശബ്ദം. അകലെനിന്ന്. ചിലപ്പോൾ അടുത്തുനിന്ന്. പലപ്പോഴും തട്ടിൻപുറത്തുനിന്ന്. ഭൂമിക്കടിയിൽ നിന്നാണെന്നാണ് ഒടുക്കം തോന്നിയത്. അകലുംതോറും മുഴക്കം കൂടി കൂടി വരുന്ന മുരൾച്ച. അടുത്താവുമ്പോൾ വളരെ പതിഞ്ഞ്. പക്ഷെ അതാണ് ദുസ്സഹം. ഇഴയുന്ന ഒച്ച ദേഹത്തിൽ പുരളും പോലെ.
ആസ്തി: എന്നിട്ട്! എന്നിട്ടും അങ്ങേക്ക് മനസ്സിലായില്ലേ? പിന്നേയും വിടുവായത്തം തുടങ്ങിയോ?
മാധ്വീകൻ: വെറുങ്ങലിച്ചു പോയില്ലേ ആകെ. ഒന്നും കാണാൻ വയ്യ. ആ രണ്ടു കണ്ണൊഴികെ. അത് ചുഴറ്റിക്കൊണ്ടിരുന്നു. മെല്ലെ അത് ചുമരിൽനിന്ന് വേർപ്പെടുത്തി. നിശ്ചലമായ ചലനം! പൂമുഖമാകെ തുടുത്തു. ആ തുടുപ്പിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ധൂളികൾ! ക്രമേണ അത് നീങ്ങി. വഴിയേ, കറുത്ത അറയ്ക്കുന്ന കുറേ കുറ്റിനിഴലുകളും.
ആസ്തി: എങ്ങോട്ടു പോയി?
മാധ്വീകൻ: പടക്കളത്തിന്നു നേരെ!
മേഘഗന്ധി: (അടുത്തുചെന്ന്) അങ്ങയെ ജര ബാധിച്ചു. പാവം!
ആസ്തി: കുമാര, വൃദ്ധന്മാരെ ബാധിക്കുന്ന ജരയെക്കുറിച്ചല്ല അദ്ദേഹം പറഞ്ഞത്. ജരാപിശാചിയെക്കുറിച്ചാണ്. പൂമുഖച്ചുമരിലെഴുതിയ ചിത്രം ആ ദേവിയുടേയും മക്കളുടേയുമാണ്

മേഘഗന്ധി: എന്തിനാണ് ആ ചന്തമില്ലാത്ത ചിത്രങ്ങൾ? ഈ പേടിത്തൊണ്ടൻമാരെ കളിപ്പിക്കാനോ?

ആസ്തി: ജര ഗൃഹദേവിയാണ് മഗധത്തിലെ എല്ലാ വീടിൻ ചുമരിലും അവളുടെ ചിത്രമുണ്ട്. ഗന്ധദീപാദികൾ കൊണ്ടു നിത്യം അർച്ചിക്കും. രാക്ഷസദ്രോഹത്തിനു നേർക്കുള്ള കാവൽക്കാരിയാണു ആ പിശാചി.

മാധ്വീകൻ: ഉം, അത് നന്ന്. പിശാചിയെക്കൊണ്ടു രാക്ഷസനെ തടുക്കുക.

ആസ്തി: അത് മഗധത്തിന്റെ നയമാണ്. കൃഷ്ണന്റെ നേർക്ക് യവനനെ വിടുക.

മേഘഗന്ധി: എന്തായാലും ആ ചിത്രത്തിന് സൗന്ദര്യമില്ല.

ആസ്തി: കുമാര, അത് ശരിയല്ല. സൌന്ദര്യം ജീവനാണ്. ജര ജീവൻ കൊടുക്കുന്നവളുമാണ്.

മാധ്വീകൻ: തുടുത്ത നാവും തൂക്കി നിൽക്കുന്ന അവൾ ചോര വാറ്റിക്കുടിക്കും.

ആസ്തി: നിന്റെ മുത്തച്ഛൻ യുദ്ധത്തിനു പോകുമ്പോഴെല്ലാം ആ ദേവി പടക്കളത്തിലെത്തും.

മാധ്വീകൻ: ധാരാളം ചോരകിട്ടുമെന്ന് അനുഭവം കൊണ്ടറിഞ്ഞു കാണും.

ആസ്തി: ആ ദേവി ഉള്ളേടത്തോളം അച്ഛൻതമ്പുരാന് ആപത്ത് പിണയില്ല.

മാധ്വീകൻ: എങ്കിൽ പടക്കളത്തിൽവെച്ച് മഹാരാജാവ് സ്മരിച്ചിട്ടുണ്ടാവും. അങ്ങോട്ടുള്ള പോക്കാണു ഞാൻ കണ്ടത്. ഞാൻ എന്നെ പിടികൂടുകയാണെന്ന് ഭയപ്പെട്ടു. അതാണ് ഓടിയത്. ഒരു ഭടൻപോലും ആ ഭാഗത്തില്ല. എല്ലാവരും ദ്വന്ദയുദ്ധം കണ്ടു വായും പിളർന്ന് നിൽക്കുകയാവും. മഹാറാണി, ഈ ഭടന്മാരോട് അതാത് സ്ഥലത്തു നിൽക്കാൻ കൽപ്പിക്കണെ?

ആസ്തി: ശരി, മാധ്വീകൻ വേണ്ടത് ഓർമ്മിപ്പിച്ചു. എല്ലാ സ്ഥലത്തും കാവലിടാം. വിശേഷിച്ച് ശത്രു വീടിനുള്ളിൽ തന്നെ കഴിയുമ്പോൾ കാര്യത്തിൽ അനാസ്ഥ ശരിയല്ല.

മാധ്വീകൻ: മാധ്വീകൻ ഇനി നിർഭയനാണ്.

ആസ്തി: (പീഠം ചൂണ്ടിക്കാണിച്ചു കൊണ്ട്) എന്നാൽ ഇരിക്കൂ.

(മാധ്വീകൻ ഇരിക്കുന്നു)

മേഘഗന്ധി: (ചിരിച്ച് ചിരിച്ച്) എല്ലാർക്കും ഭ്രാന്താണ് ചിത്രം ഓടിച്ചു. മാധ്വീകൻ സ്വപ്നം കണ്ടതുതന്നെയാവും

ആസ്തി: കുമാരാ, ആ ചിത്രത്തിൽനിന്ന് തേജസ്സ് വികിരണം ചെയ്തിട്ടുണ്ടാവും. ഇപ്പോൾ ഒരു മങ്ങിയ നിറമേ ബാക്കിയുണ്ടാവു.

മേഘഗന്ധി: ഞാൻ നോക്കട്ടെ?

മാധ്വീകൻ: അയ്യോ, കുമാരാ, പോകരുത്, പോകരുത്, പേടിയാവും.

മേഘഗന്ധി: ക്ഷത്രിയന് പേടിയില്ല. അങ്ങ് വേണമെങ്കിൽ എന്റെ പിന്നാലെ പോരു.

മാധ്വീകൻ: മുത്തച്ഛന്റെ പുത്രൻ തന്നെ; എന്നാലും മാധ്വീകനില്ല.

ആസ്തി: കുമാരൻ പോയി കണ്ടോളു. പലതവണ കണ്ടതാണെങ്കിലും ബോധപൂർവ്വം നോക്കുന്നത് നന്ന്. കണ്ടാൽ വന്ദിക്കണം.

മേഘഗന്ധി: അങ്ങിനെത്തന്നെ. (ഓടി പോകുന്നു)

ഒരു ഭടൻ: (പ്രവേശിച്ച്) മഹാറാണിജയിച്ചാലും ദ്വന്ദയുദ്ധം തുടങ്ങിക്കഴിഞ്ഞു.

രണ്ടുപേരും: (സോൽക്കണ്ഠം എഴുന്നേറ്റുകൊണ്ടു) ഭീമനുമായിത്തന്നെയോ ഏറ്റത്?

ഭടൻ: അതെ.

ആസ്തി: എങ്ങിനെയാണ് ആരംഭിച്ചത്.

ഭടൻ: കൃഷ്ണപാണ്ഡവരോടൊന്നിച്ച് നമ്മുടെ തിരുമേനി പല നേരംപോക്കുകളും പറഞ്ഞ് ചിരിച്ചുകൊണ്ടാണ് രംഗമണ്ഡപത്തിലേയ്ക്കു വന്നത്.

ആസ്തി: പിന്നെ?

ഭടൻ: നേരത്തെതന്നെ പുരുഷാരം തിങ്ങിക്കൂടിയിരുന്നു. അവർ തമ്മിൽതമ്മിൽ മന്ത്രിച്ചു. “ഇവർതമ്മിൽ യുദ്ധം ചെയ്യലുണ്ടാവില്ല”

മാധ്വീകൻ: ഹാഹാ; അതാരും ചോദിച്ചു പോവും.

ആസ്തി: പിന്നെ?

ഭടൻ: രംഗത്ത് അവർ അഭിമുഖം നിന്നു.

ആസ്തി: ശരി, പിന്നെ?

ഭടൻ: കൃഷ്ണൻ പറഞ്ഞു. മഹാരാജാവേ, അങ്ങ് ഞങ്ങളുടെ ജ്ഞാതികളായ 99 രാജാക്കന്മാരെ, രുദ്രയജ്ഞത്തിനു വേണ്ടി ഇവിടത്തെ മനുഷ്യത്തൊഴുത്തിൽ പാർപ്പിച്ചിട്ടുണ്ട്. അവരെ വിടണം.

മാധ്വീകൻ: എന്റെ തോഴൻ എന്തു പറഞ്ഞു?

ഭടൻ: തിരുമേനി പറഞ്ഞു; കൃഷ്ണാ,ഞാൻ നേരിട്ട് യുദ്ധം ചെയ്തു തോൽപ്പിക്കാത്ത ഏത്

രാജാവുണ്ടെടൊ, കാണിക്കു, അതാത് രാജാവിനെ ഞാൻ വിട്ടിരിക്കുന്നു.

ആസ്തി: എന്നിട്ട്?

ഭടൻ: പുരുഷാരം ഇതു കേട്ടപ്പോൾ ആർത്തുവിളിച്ചു “ജയ ജയ മഗധേശ്വര: ജയ ജയ ജരാസന്ധ” ഇങ്ങിനെ.

ആസ്തി: കൃഷ്ണനു തക്ക മറുപടി.

മാധ്വീകൻ: കൃഷ്ണൻ പിന്നെ മിണ്ടിയില്ല?

ഭടൻ: അവരെ യജ്ഞപശുക്കളാക്കുന്നത് ധർമ്മമല്ലെന്ന് വാദിച്ചു.

മാധ്വീകൻ: അപ്പോഴോ?

ഭടൻ: കൃഷ്ണാ, മനസ്സിലാക്ക്. ക്ഷത്രിയർക്ക് ധർമ്മമായ ഉപജീവനം കയ്യൂക്കുകൊണ്ട് കീഴടക്കിയിട്ട് തോന്നുന്നപടി ചെയ്യാമെന്നാണ്.

മാധ്വീകൻ: ഹായ്! അപ്പോഴും പുരുഷാരം അഭിനന്ദിച്ചില്ലേ?

ഭടൻ: പിന്നെ കൃഷ്ണൻ എന്തു പറഞ്ഞു എന്ന് കേൾക്കാൻ കഴിഞ്ഞില്ല. ജനാവലിയുടെ ജയ ജയ ശബ്ദം കൊണ്ട്.

ആസ്തി: പിന്നെ?

ഭടൻ: ബഹളത്തിനിടയിൽ ശംഖധ്വനി പോലെ പിന്നെ കൃഷ്ണന്റെ ഉരത്ത ശബ്ദം പൊങ്ങിക്കേട്ടു.

മാധ്വീകൻ: എന്തായിരുന്നു അത്?

ഭടൻ: ‘എങ്കിൽ ദ്വന്ദയുദ്ധത്തിനിറങ്ങ്. ഞങ്ങളിൽ ആർ വേണം. പറ’ എന്ന്.

ആസ്തി: അപ്പോൾ?

ഭടൻ: നമ്മുടെ തിരുമേനി ചിരിച്ചുകൊണ്ടു തന്നെ മറുപടി പറഞ്ഞു. കൃഷ്ണാ, പേടിച്ചോടുന്നവരോട് ഞാൻ യുദ്ധം ചെയ്യില്ല, പ്രായമാവാത്ത കുഞ്ഞുങ്ങളോടും. അൽപം ഭേദം ഈ ഭീമനാണ്.

മാധ്വീകൻ: അഹോ, ധർമ്മനിഷ്ഠ.

ഭടൻ: ഉടനെ ഗോരോചനവും പുഷ്പവും കൊണ്ടുവന്ന പുരോഹിതൻ മഹാരാജാവിനെ സ്വസ്ത്യയനംചെയ്തു. കൃഷ്ണൻ ഭീമനേയും.

ആസ്തി: പിന്നെ?

ഭടൻ: പുരുഷാരം മാറിനിന്നു. സജ്ജമായ രംഗത്തിൽ സോത്സാഹം ഇരുപേരും കയറി കൈപിടിച്ചു. കാൽക്കു നമിച്ചു. ചടങ്ങവസാനിച്ച് അടവ് തുടങ്ങിയപ്പോൾ അടിയൻ ഇങ്ങോട്ട് തിരിച്ചു.

ആസ്തി: മഹാരാജാവ് ജയിക്കട്ടെ. നീ പോയി അതാത് സമയം വിവരം കൊണ്ടുവാ.

ഭടൻ: അടിയൻ. (പോകുന്നു)

ആസ്തി: മഹാരാജാവ് ജയിക്കട്ടെ–കൃഷ്ണാ നിന്റെ വീമ്പ് ഇന്നവസാനിക്കും.

മാധ്വീകൻ: ഇന്നവസാനിച്ചില്ലെങ്കിൽ മഗധത്തിന്റെ കാര്യം പരുങ്ങലാണ്.

ആസ്തി: അതെന്താ?

മാധ്വീകൻ: ആ വൃകോദരന് ഒറ്റ അത്താഴം മതി മഗധത്തെ ഏകാദശി നോൽപിക്കാൻ.

ആസ്തി: ആ ഹ, ഹ, ഹ, പേടികൊണ്ടാ, മാധ്വീകന് നൽകീട്ടേ–കരുതീട്ടേ–ഭീമന് വിളമ്പാവൂ എന്ന് മഹാനസക്കാർക്ക് കൽപന കൊടുത്തേക്കാം.

ഒരു ഭടൻ: (പ്രവേശിച്ച് തൊഴുത്) മഹാറാണി ജയിച്ചാലും. കന്യാകുബ്ജത്തിലെ മഹാറാണി കാത്ത്നിൽക്കുന്നു.

ആസ്തി: എന്ത് കന്യാകുബ്ജത്തിലെ മഹാറാണിയോ? അടിച്ചുതളിക്കാരിയായിട്ടും മഹാറാണിതന്നെ.

ഭടൻ: അടിയനെന്താണ് പറയേണ്ടത്?

ആസ്തി: കന്യാകുബ്ജത്തിൽനിന്നു വന്ന ദാസിയെന്നു പറ.

ഭടൻ: കന്യാകുബ്ജത്തിൽനിന്നു വന്ന ദാസി കാത്തുനിൽക്കുന്നു.

ആസ്തി: കൊണ്ടുവരൂ. (ഭടൻ പോകുന്നു)

മാധ്വീകൻ: മഹാറാണി, അവിടുത്തെ പ്രതാപം വർദ്ധമാനമായിത്തന്നെ വിലസുന്നു.

കന്യാകുബ്ജറാണി: (പ്രവേശിച്ച്) മഹാറാണി ജയിച്ചാലും മഹാബ്രാഹ്മണ അങ്ങേയ്ക്കും നമസ്കാരം.

ആസ്തി: നീയാരാണ് പേരെന്ത്?

മാധ്വീകൻ: ഓ, അതുഞാൻ പരിചയപ്പെടുത്താം ദാസിയുടെ വേഷത്തിലും കന്യാകുബ്ജത്തിലെ പ്രമീളാറാണിയെ മാധ്വീകൻ തിരിച്ചറിയും. ചണ്ടിമൂടിയാലും ചെന്താമര, ചെന്താമരതന്നെ.

പ്രമീള: അങ്ങയോട് കൃതജ്ഞതാപൂർണമാണ് ഈയുള്ളവളുടെ ഹൃദയം. പക്ഷെ, അവിടെയ്ക്കറിയേണ്ടത് ഇപ്പോൾ ഞാനാരാണെന്നാണ്. മഹാറാണി, അന്തപുരം അടിച്ചുവാരുന്ന ദാസിയാണ് ഞാൻ.

മാധ്വീകൻ: അഹോ, കുലീനത: ഭ്രഷ്ടിന് മുൻപിലും അതിന്റെ തല കുനിയില്ല.
ആസ്തി: നിനക്കെന്തു വേണം?
പ്രമീള: ഇന്നലെ മഹാരാജാവ് തിരുമേനിയോട് ഞാൻ അഭ്യർത്ഥിച്ചു.
ആസ്തി: എന്ത്?
പ്രമീള: തടവിൽ ചെന്ന് ഭർത്താവിനെ ഒരുനോക്കു കാണാൻ അനുവാദത്തിന്ന്.
ആസ്തി: എന്നിട്ട്?
പ്രമീള: ദുർനിമിത്ത പരിഹാരത്തിന് പര്യഗ്നി കഴിഞ്ഞ് ഉപവാസത്തിലായിരുന്നതിനാൽ മഹാരാജാവ് കൽപ്പിച്ചു നാളെ ആലോചിക്കാമെന്ന്.
മാധ്വീകൻ: ഹോ, നിന്റെ ഗ്രഹപിഴ. ഇന്നാകട്ടെ എന്റെ തോഴർ ദ്വന്ദയുദ്ധത്തിലുമായി.
പ്രമീള: സഹദേവകുമാരനെ യുവരാജാവായി അഭിഷേകം ചെയ്തതോടുകൂടി കൊട്ടാരകാര്യവും തടവുകാരുടെ കാര്യവും ആസ്തിമഹാറാണിയെ ഏൽപ്പിച്ചു എന്നാണ് കേട്ടത്.
മാധ്വീകൻ: വത്സേ, ദുഃഖം വർദ്ധിപ്പിക്കാനല്ലാതെ ഈ നിലയിൽ തടവിൽക്കിടക്കുന്ന ആൾക്ക് നിന്റെ ദർശനം എന്തു ഫലം ചെയ്യും?
ആസ്തി: അതുതന്നെ നല്ലൊരു ഫലമാണല്ലോ.
പ്രമീള: ഞാനിന്ന് അടിമയാണ് എങ്കിലും കുലപത്നിവ്രതം വിട്ടവളല്ല. അത്തരം ഒരു സ്ത്രീക്ക് ഏത് ദുഃഖത്തിലാണ് ഭർത്താവിനെ സമാശ്വസിപ്പിക്കാൻ കഴിയാത്തത്?
മാധ്വീകൻ: വത്സേ, നിന്നോടെനിയ്ക്കുള്ള ബഹുമാനം വർദ്ധിക്കുന്നു.
ആസ്തി: ദാസി, ഇവിടത്തെ ബന്ധികൾക്ക് സമാശ്വാസമാർഗ്ഗം എന്താണെന്ന് എനിക്കറിയാം. എല്ലാം കൃഷ്ണബന്ധുക്കളാണ്. അവരെ ഏറ്റവുമധികം സമാശ്വാസിപ്പിക്കുക അവരിൽ നൂറാമനായി സംപൂജ്യനായൊരു കൃഷ്ണബന്ധുവിനെ കാണുമ്പോഴാണ്. ആസ്തി അത് സാധിച്ചുകൊടുക്കുവാൻ പോകുന്നു. ഇടയ്ക്കുള്ള നിസ്സാരമായ സമാശ്വാസങ്ങളുണ്ടല്ലോ, ഭാര്യയെ കാണൽ, കുട്ടിയെ ഉമ്മവയ്ക്കൽ ഇത്യാദി. അതെല്ലാം കേവലം ക്ഷുദ്രസുഖങ്ങൾ മാത്രം. പോകാം.
പ്രമീള: മഹാറാണി, അങ്ങ് തീ വിഴുങ്ങി; തീ ശർദ്ദിക്കുകയാണിപ്പോൾ. പക്ഷെ,
മാധ്വീകൻ: വത്സേ, ക്ഷമിക്കൂ.
പ്രമീള: മഹാബ്രാഹ്മണ, ഞങ്ങൾ, എന്നെപ്പോലുള്ളവർ ശപിയ്ക്കാനും, ശപിയ്ക്കപ്പെടാനും പാകത്തിലല്ലാതായിരിക്കുന്നു. മഹാറാണി കൽപ്പിച്ചതാണ് ശരി. (പോകുന്നു)
മാധ്വീകൻ: എന്റെ തോഴർക്കുള്ള ഒരു വലിയ കുറവിനെ അവിടുന്ന് നികത്തി.
ആസ്തി: എന്താണത്.
മാധ്വീകൻ: ഔദാര്യം. ആ ദൌർബല്യം അങ്ങയെ തീണ്ടിയിട്ടില്ല.
ഒരു ഭടൻ: (പ്രവേശിച്ച്) മഹാറാണി ജയിച്ചാലും.
ആസ്തി: എന്തു വേണം?
ഭടൻ: യുവരാജാവ് തിരുമനസ്സുകൊണ്ട് ഇവിടെ അറിയിക്കാൻ അടിയനെ അയച്ചതാണ്.
ആസ്തി: എന്താണ് സന്ദേശം?
ഭടൻ: അൽപം മുമ്പ് ഇവിടുന്ന് നേരിട്ടു കാണാൻ സമയം അന്വേഷിച്ചിരുന്നുവത്രെ. മഹാരാജാവ് മന്ത്രമണ്ഡപത്തിൽത്തന്നെയുണ്ട്. മഹാറാണിയ്ക്ക് എപ്പോൾ വേണമെങ്കിലും ചെല്ലാമെന്ന്.
ആസ്തി: എങ്കിൽ യുവരാജാവിനെ ഇപ്പോൾത്തന്നെ കാണാം. വരൂ മാധ്വീകൻ.
(രണ്ടു പേരും എഴുന്നേൽക്കുന്നു)
(യവനിക)

**രംഗം 3**

മന്ത്രാലയം. ഒരു സിംഹാസനവും നിരവധി പീഠങ്ങളും. സമുചിതമായ മറ്റ് അലങ്കാരങ്ങൾ. രംഗത്തിൽ സഹദേവയുവരാജാവ്. യവനിക ഉയരുന്നതിനുമുൻപായി അണിയറിയിൽ നിന്ന്:

അഞ്ചദ്രീശ്വരർ കാവലാണ് ചുഴലെ-
        ത്തോൾ ചേർന്നു കൊണ്ടഞ്ചിത-
പൂഞ്ചോലക്കുളിർ നീർകുടിച്ചു കതിരി-
        ട്ടീടുന്നു സസ്യവ്രജം.

അഞ്ചാതാളുകളോ വദാന്യർ; ഇവിടെ–
പൂത്തോരു പാച്ചോറ്റിയിൽ
ത്തേൻചാറുമ്പോഴളീകദംബ കളമ–
ല്ലമ്പോനിലിമ്പോത്സവം!

(യവനിക ഉയരുമ്പോൾ യുവരാജാവ് ഉലാത്തുന്നു)

ഭടൻ: (പ്രവേശിച്ച്) യുവരാജാവ് തിരുമേനി ജയിച്ചാലും. സേനാനായകൻ കാത്തുനിൽക്കുന്നു.

സഹദേവൻ: വരാൻ പറയൂ. (ഭടൻ പോകുന്നു)

സേനാനായകൻ: (പ്രവേശിച്ച് വന്ദിക്കുന്നു)

സഹദേവൻ: (സിംഹാസനത്തിലിരുന്ന് ) ഇരിയ്ക്കൂ.

സേനാനായകൻ: (ഇരിയ്ക്കുന്നു) ആസ്തിമഹാറാണി കൽപ്പിച്ചയച്ചു.

സഹദേവൻ: എന്ത്?

സേനാനായകൻ: മന്ത്രിമണ്ഡപത്തിൽ സേനാനായകൻ ഹാജരാകണമെന്ന്.

സഹദേവൻ: രംഗമണ്ഡപത്തൽനിന്നുള്ള വാർത്ത?

സേനാനായകൻ: തമ്പുരാൻ കുട്ടിഭീമനെ ഇന്ന് തീർക്കും. ആ പെരുംമല്ലന് കരുത്തേയുള്ളു. അടവ് രണ്ടാംതരമാണ്. കൈയ്ക്ക് ഇരയില്ലെങ്കിലും അർജ്ജുനൻ മുതിരുന്ന പക്ഷം തമ്പുരാന് നാളേയ്ക്ക് തികയില്ല. കൃഷ്ണൻ പലായനം ചെയ്യുന്നുല്ലെങ്കിൽത്തന്നെ നാളത്തെ സന്ധ്യ ഗിരിവ്രജത്തിന്റെ ജയക്കൊടിക്കൂറയാവും.

സഹദേവൻ: (നിഷേധാർത്ഥത്തിൽ തലയാട്ടികൊണ്ട്) അത്രയെളുപ്പമാണെന്ന് എനിയ്ക്ക് തോന്നുന്നില്ല. ദുർഗ്ഗങ്ങളെക്കൂടുതൽ ബലപ്പെടുത്തുക. ഉപസേനാപതികളെ മർമ്മസ്ഥാനങ്ങളിൽ നിയോഗിക്കുക. നയകോവിദനായ കൃഷ്ണന്റെ ഭാവംകൊണ്ടു ദ്വന്ദയുദ്ധം പത്തോ പതിന്നാലോ ദിവസം നീണ്ടു നിന്നേയ്ക്കുമെന്നാണ് എനിയ്ക്ക് തോന്നിയത്. അതിനിടയ്ക്ക് പുറത്തു നിന്നു വരുന്ന അക്രമത്തിന്നു നേരെ കരുതലെടുക്കുകയാണ് ആവശ്യം.

സേനാനായകൻ: കൽപനപോലെ; അതെല്ലാം ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു.

ഒരുഭടൻ: (പ്രവേശിച്ച്) ആസ്തിമഹാറാണിയും മാധ്വീകബ്രാഹ്മണനും കാത്തുനിൽക്കുന്നു.

സഹദേവൻ: വരാൻ പറയൂ.

(രണ്ടുപേരും പ്രവേശിക്കുന്നു. സഹദേവൻ എഴുന്നേൽക്കുന്നു. പരസ്പരം ഉപചാരങ്ങൾ ചെയ്ത് എല്ലാവരും ഇരിക്കുന്നു.)

സഹദേവൻ: മാധ്വീകനെന്താണ് ആസ്തിയെ ബാധിച്ചിരിക്കുന്നത്?

മാധ്വീകൻ: യുവരാജാവ് പ്രസാദിക്കണേ, മാധ്വീകനെപ്പോഴും ജരയെ പ്രത്യക്ഷത്തിൽ കണ്ടു ഭയപ്പെടുകയാണ്.

സഹദേവൻ: ജര അങ്ങയേയും പിടിക്കൂടിയോ?

മാധ്വീകൻ: സൂക്ഷിക്കണെ, രക്തദാഹം വന്നാൽ പിശാചിന് പിന്നെ പിടികൂടുന്ന ആൾ ആരാണെന്ന നോട്ടമില്ല!

ആസ്തി: ഈ വിഡ്ഢി ബ്രാഹ്മണന് ഭ്രാന്താണ്.

മാധ്വീകൻ: അതേ, പേടിച്ചിട്ട് ഭ്രാന്ത് പിടിച്ചിട്ടുണ്ട്.

സഹദേവൻ: ആട്ടെ, ഭയപ്പെടാതിരുന്നോളൂ. ഞാനുണ്ടല്ലോ ഇവിടെ. ആസ്തി, എന്തിനാണ് കാണണമെന്ന് പറഞ്ഞത്?

ആസ്തി: ജ്യേഷ്ഠാ, മഹാരാജാവ് ഏർപ്പെട്ടിട്ടിള്ള ഈ ദ്വന്ദയുദ്ധം കഴിയുന്നതോടുകൂടി അദ്ദേഹത്തിന്റെ ചിരാഭിലാഷമുണ്ടല്ലോ, രുദ്രയജ്ഞം, അതാരംഭിക്കാൻ കഴിയും.

സഹദേവൻ: അതെങ്ങിനെ? നൂറാമത്തെ രാജാവിനെ കൊണ്ടുവന്നുവോ?

ആസ്തി: കൊണ്ടുവന്നു കഴിഞ്ഞില്ല. പക്ഷെ, നിഷ്പ്രയാസം ഇപ്പോൾ കിട്ടും.

സഹദേവൻ: (ചിരിച്ചുകൊണ്ട്) എങ്ങിനെ? മഹാരാജാക്കന്മാരെ ഇപ്പോൾ ചന്തയിൽ വിറ്റുതുടങ്ങിയോ?

ആസ്തി: (പുരികം ചുളിച്ചുകൊണ്ട്) ചന്തയിൽ നിന്നാണോ നമ്മൾ 99 രാജാക്കാൻമാരെ സമ്പാദിച്ചത്.

സഹദേവൻ: അവരെ അച്ഛൻ തിരുമേനി യുദ്ധം ചെയ്തു പിടിച്ചതു തന്നെ.

ആസ്തി: അതുപോലെ യുദ്ധം ചെയ്തു പിടിക്കണം.

സഹദേവൻ: അതിന് ദ്വന്ദയുദ്ധം അവസാനിക്കണ്ടെ?

ആസ്തി: അച്ഛൻതിരുമേനിക്ക് മാത്രമേ യുദ്ധം ചെയ്യാനാവു: സേനാനായകൻ ഇവിടെയുണ്ട്. സൈന്യം തയ്യാറുണ്ട്. യുവരാജാവായി അഭിഷിക്തനായ ആൾക്ക്...

സഹദേവൻ: ഞാൻ പോയി യുദ്ധം ചെയ്ത് ഒരു രാജാവിനെ പിടിച്ചു കൊണ്ടു വരണമെന്നാണോ

നീ പറയുന്നത്.

സേനാനായകൻ: യുവരാജാവേ, മഗധയുടെ പുതിയ നായകനൊന്നിച്ച് യുദ്ധത്തിനിറങ്ങാൻ ഞങ്ങൾ കൊതിച്ചിരിക്കയാണ്.

മാധ്വീകൻ: യുവരാജാവേ, മാധ്വീകനോടും കൂടണേ; ജരയുടെ മുൻപിലേക്കാൾ രക്ഷ യുദ്ധഭൂമിയിലാണ്. അവൾക്കിവിടെ ചോരകൊടുക്കാൻ നമ്മുടെ ശത്രുക്കളുണ്ടല്ലോ.

സഹദേവൻ: പക്ഷെ, മഗധത്തിന് ഒരു ശത്രു വേണ്ടേ? യുദ്ധം ചെയ്യത്തക്ക ശത്രു?

ആസ്തി: (അക്ഷമയായി) പിന്നെ ഇപ്പോൾ നടക്കുന്ന ദ്വന്ദയുദ്ധം ബന്ധുക്കളുമായിട്ടാണോ?

സഹദേവൻ: (ചിരിച്ചു കൊണ്ട്) മഗധത്തിന്റെ ശത്രു കൃഷ്ണനാണ്. അയാൾ ഇവിടെനിന്ന് പാലായനം ചെയ്യുകയാണെങ്കിൽ ദ്വാരകയ്ക്ക് നേരെ പട കൂട്ടും. ഇപ്പോൾ, മഗധത്തിലെ സേനാനായകന് യുവരാജാവിനെക്കൂടി പുത്തരിയുദ്ധം ചെയ്യാൻ വേണ്ടി കൃഷ്ണാ നീ പോയി ദ്വാരകയിൽ പാകത്തിന് നിൽക്ക് എന്നു പറയേണ്ടി വരുമല്ലോ. ഈ യുദ്ധതന്ത്രം എനിക്ക് പരിചിതമല്ല. ആസ്തി: (ചിരിയൊതുക്കി) ഇത് മാധ്വീകന്റെ തന്ത്രമാണ്. (സഗൗരവം) എനിക്കാകട്ടെ യുവരാജാവിന്റെ മറുപടിയാണ് കേൾക്കേണ്ടത്.

സഹദേവൻ: എങ്കിൽ കാര്യം തുറന്നുപറയു.

ആസ്തി: കൃഷ്ണൻ മാത്രമല്ല മഗധത്തിന്റെ ശത്രു. കൃഷ്ണജ്ഞാതികളും ശത്രുക്കൾതന്നെയാണ്.

സഹദേവൻ: വാദത്തിനുവേണ്ടി സമ്മതിക്കാം.

ആസ്തി: ഭീമാർജ്ജുനന്മാർ ഇവിടെയാണ്. ഇന്ദ്രപ്രസ്ഥം കാവലറ്റ വിളഭൂമി പോലെ കിടക്കുകയാണ്. ജ്യേഷ്ഠന് യഥേഷ്ടം ചെന്ന് യുധിഷ്ഠിരനെ കയറിട്ട് കൊണ്ടുവരാമല്ലോ.

സേനാനായകൻ: ഒന്നാന്തരം ആലോചന; മഹാറാണീ, അവിടുന്ന് മഗധത്തിന്റെ ഭാഗ്യതാരമാണ്.

മാധ്വീകൻ: രാജതന്ത്രം അങ്ങിനെത്തന്നെ. സമ്മതിക്കാതെ വയ്യ;

സഹദേവൻ: രാജതന്ത്രം ശരി. മഗധയുടെ സേനാബലവും ശരി. പാണ്ഡവൻമാർ ഇങ്ങോട്ട് യുദ്ധത്തിന്ന് വന്നതാണ്. അതുകൊണ്ട് ധർമ്മചുതിയുമില്ല.

സേനാനായകൻ: എങ്കിൽ പുറപ്പെടുകയല്ലെ?

ആസ്തി: ജ്യേഷ്ഠാ, കൃഷ്ണജ്ഞാതിയോട് യുദ്ധത്തിന് പുറപ്പെടുമ്പോൾ അങ്ങയുടെ നെറ്റിയിൽ കുങ്കുമം കൊണ്ട് വിജയതിലകം ചാർത്തി എന്റെ വിരൽ ചരിതാർത്ഥ്യം നേടട്ടെ.

സഹദേവൻ: ആസ്തി, ഇന്ദ്രപ്രസ്ഥത്തെ കീഴടക്കാം. കൃഷ്ണജ്ഞാതികളെ അരിഞ്ഞു തള്ളുകയും ചെയ്യാം. അവിടത്തെ അപാരമായ സമ്പത്ത് മഗധൻമാർ കൊള്ളചെയ്യട്ടെ. പക്ഷെ...

ആസ്തി: എന്താണ് പക്ഷെ?

സഹദേവൻ: ധർമ്മാത്മാവായ യുധിഷ്ഠിരന്റെ രക്തം രുദ്രപൂജയ്ക്ക് ഉതകുമെന്ന് എന്റെ അനുജത്തി സ്വപ്നം കാണണ്ട.

ആസ്തി: അതെന്താണ്?

സഹദേവൻ: മഗധമഹാരാജാവിന്റെ, എന്റെ അച്ഛൻതമ്പുരാന്റെ, ആഗ്രഹമാണ് മഹാരാജാക്കന്മാരെ ബലികൊടുത്ത സ്വർഗ്ഗം കരസ്ഥമാക്കണമെന്ന്. നിന്റെ ജ്യേഷ്ഠന് ആ ആഗ്രഹമില്ല. അയാൾക്കിവിടം തന്നെ സ്വർഗ്ഗമാണ്. ഗിരിനിരകൊണ്ടു പച്ചപിടിച്ച ഈ രാജ്യം ഇന്ദ്രനീലക്കല്ല് വിളഞ്ഞു കിടക്കുന്ന ആ സ്വർഗ്ഗകേദാരത്തേക്കാൾ അഭികാമ്യമായി തോന്നുന്നു.

ആസ്തി: ജ്യേഷ്ഠൻ, അച്ഛൻതിരുമേനി അത്രയും കാര്യമായെണ്ണുന്ന യജ്ഞത്തെ നിന്ദിക്കുന്നു.

സഹദേവൻ: അല്ല, മനുഷ്യരക്തം കൊണ്ട് വിലയ്ക്കു വാങ്ങുന്ന സ്വർഗ്ഗത്തെ ത്യജിക്കുന്നു. ഈ രാജ്യം അച്ഛന്റെ പിൻതുടർച്ച വഴിക്ക് എനിക്കുള്ളതാണ്; പക്ഷെ അതേ പിൻതുടർച്ചവഴിക്ക് അദ്ദേഹം നേടുന്ന സ്വർഗ്ഗവും ഞാൻ എടുത്തേ കഴിയൂ എന്നുവന്നാൽ ഈ നല്ല രാജ്യവും എനിക്കിന്നേ ത്യജിക്കുവാനുള്ളതാണ്.

സേനാനായകൻ: യുവരാജാവേ, ജരാസന്ധ മഹാരാജാവിന്റെ പുത്രനിൽനിന്ന് പ്രതീക്ഷിച്ച വാക്കുകളല്ല ഇത്.

ആസ്തി: മഗധയുടെ മാനം തുലഞ്ഞു.

മാധ്വീകൻ: ഈ രാജാവ് എനിക്ക് ചേർന്ന തോഴനായി.

സഹദേവൻ: സേനാനി, വീരതയും ഭ്രാന്തും രണ്ടാണ്. ഇവൾക്കാകട്ടെ, കൃഷ്ണനോടുള്ള വിദ്വേഷം കൊണ്ടു ഭ്രാന്ത് പിടിച്ചിരിക്കുന്നു. അച്ഛന് സ്വർഗ്ഗലോഭം കൊണ്ടും.

ആസ്തി: ജ്യേഷ്ഠാ, ക്ഷമിക്കണം. യുധിഷ്ഠിരനെ ബന്ധിക്കാൻ സൈന്യസമേതം ഇപ്പോൾതന്നെ പോകണമെന്നാണ് വീണ്ടും എന്റെ പക്ഷം. കാരണമുണ്ട്.

സഹദേവൻ: ഇതേവരെ പറഞ്ഞതല്ലാത്തതോ?

ആസ്തി: അതേ.
സഹദേവൻ: കേൾക്കട്ടെ.
ആസ്തി: ആ മഹാരാജാവും ഒരു യാഗത്തിന് ഒരുങ്ങീട്ടുണ്ടെന്നാണ് കേൾവി.
സഹദേവൻ: ഞാനും കേട്ടു.
ആസ്തി: അതും നൃപമേധമാണെങ്കിലോ?
സഹദേവൻ: ഒരു ഭ്രാന്തനും കൂടിയായി.
ആസ്തി: അപ്പോൾ ആവശ്യമായ 100 രാജാക്കന്മാരേയും മഗധം തന്നെ തിരിമുൽക്കാഴ്ച വെയ്ക്കും?
സഹദേവൻ: അതെങ്ങിനെ? ഇവിടെ 99 അല്ലെ ഉള്ളു?
ആസ്തി: അച്ഛന്റെ കാലത്ത് ഈ ആലോചനയ്ക്ക് ഇടമില്ല. അതുകഴിഞ്ഞാൽ ഈ നൂറാമത്തെ തല മറ്റാരുടേയും ആവില്ല.
സഹദേവൻ: ഹ, ഹ, എന്റേത്; അല്ലെ?
ആസ്തി: അതു വരാതിരിക്കാൻ ഇപ്പോൾത്തന്നെ പുറപ്പെടുകയാണ് കർത്തവ്യം.
സഹദേവൻ: സഹോദരി, എന്നെച്ചൊല്ലി ഭയപ്പേടേണ്ട, അദ്ദേഹത്തിന് എന്നെ ഉപകരിക്കില്ല.
ആസ്തി: വീരത കൊണ്ടായിരിക്കാം.
സഹദേവൻ: അല്ല, വിശേഷബുദ്ധികൊണ്ട്.
ആസ്തി: അതെങ്ങിനെ?
സഹദേവൻ: ധർമ്മപുത്രർക്കുകൂടി രാജമേധം കൊണ്ട് സ്വർഗ്ഗം സമ്പാദിക്കാൻ തോന്നുമ്പോൾ, ആര്യവർത്തത്തിലെ ഭരണാധിപന്മാരുടെ നിലവാരം അതായിത്തീർത്തുവെന്ന് തീർച്ചപ്പെടുത്താം. നിന്റെ ജ്യേഷ്ഠൻ തലേന്നുതന്നെ രാജാവല്ലാതായിട്ടുണ്ടാവും
ആസ്തി: ലജ്ജാവഹം! ലജ്ജാവഹം!
സേനാനായകൻ: എനിക്കിതും കേൾക്കേണ്ടി വന്നു.
സഹദേവൻ: നിങ്ങൾക്ക് രസിക്കാനുള്ള മറ്റൊരു പാട്ടും എനിക്ക് പാടാനില്ല. (പോകുന്നു)
(തെല്ലിട നിശ്ശബ്ദം)
ഭടൻ: (പ്രവേശിച്ച്) മഹാറാണി ജയിച്ചാലും. രാജശില്പി കാത്തുനിൽക്കുന്നു.
ആസ്തി: വരാൻ പറയൂ.
(ഭടൻ പോകുന്നു)
രാജശില്പി: (പ്രവേശിച്ച്) അടിയൻ.
ആസ്തി: ശിൽപ്പിവര്യ, നൂറാമത്തെ പുരുഷവ്രജം തീർക്കൂ; ഇപ്പോൾ തന്നെ.
സേനാനായകൻ: പാണ്ഡവ മഹാരാജാവിനെത്തന്നെയാണോ ഇവിടുന്ന് പ്രതീക്ഷിക്കുന്നത്? അടിയന് ആജ്ഞ തന്നുവോ?
ആസ്തി: (എഴുന്നേറ്റ് അമർഷത്താൽ ജ്വലിച്ചുകൊണ്ട്) ആജ്ഞ തരേണ്ടവൻ തരട്ടെ. കൊട്ടാരം എന്റെ കീഴിലാണ്. എനിക്ക് നൂറാമത്തെ യജ്ഞപ്പശുവിനെ വേണം. അത് കൃഷ്ണജ്ഞാതിതന്നെ വേണം. യുധിഷ്ഠിരൻ വരുന്നില്ലെങ്കിൽ ലായം വെറുതെ കിടക്കില്ല.
(ഗംഭീര ഭാവത്തിൽ പോകുന്നു)
സേനാനായകൻ: (നോക്കി നിന്നു കൊണ്ട്) മഹാറാണി. അങ്ങ് ജരാസന്ധപുത്രി തന്നെ. (തല തൂക്കിയിട്ടിരിക്കുന്ന മാധ്വീകനോട്) ഹേ ബ്രാഹ്മണ, അങ്ങുറങ്ങുകയാണോ?
മാധ്വീകൻ: എന്ത്! എന്ത്! ങ്ഹോ, ഭയങ്കരം! ജര! ജര! (പാഞ്ഞു പോകുന്നു)
(സേനാനിയും രാജശിൽപ്പിയും അന്ധാളിച്ചു അന്യോന്യം നോക്കിനിൽക്കുന്നു)
(യവനിക)

**രംഗം 4**

കൊട്ടാരത്തിലെ ഒരു ഇടനാഴിക. സന്ധ്യാകാലം. ഒരു ഭടൻ കാവൽ നിൽക്കുന്നു.
യവനിക ഉയരുന്നതിനു മുൻപായി അണിയറയിൽ നിന്ന്:
ഹുങ്കാരങ്ങളുദീതിതങ്ങളുയരെത്തീപ്പാളലാളും ഗദാ-
സംഘട്ടപ്രതിഘട്ടനങ്ങൾ ജരതൻഭ്രാന്തങ്ങളാമൊച്ചകൾ
ശങ്കാസംഹൃതജൽപ്പനങ്ങൾ-പകലേ പൊയ്ക്കൊൾക നീ, യുത്സവാ-
ലങ്കാരത്തൊടു സായമെത്തി മഗധാഗാരേ മനോമോഹിനി.

(യവനിക ഉയരുന്നു.)
(ഒരു കെട്ടു പൂമാലകൾ വാരിയെടുത്തുകൊണ്ട് ഒരു ദാസി പ്രവേശിക്കുന്നു)
ഭടൻ: ആരത്?
ദാസി: അങ്ങനെ ഒറ്റ വാക്കിലെങ്ങനെയാ പറയാ. ഈ ചോദിക്കുന്ന താങ്കളുടെ ആരുമല്ല.
ഭടൻ: അമ്പടീ! മാലതിയാണല്ലേ? ആട്ടെ, നീയെവിടെ പോണു. അത് കാര്യം.
ദാസി: ഓ, ഇപ്പോൾ കാര്യക്കുട്ടിയാണോ? എന്നാൽ കേട്ടോളൂ. അലങ്കാരത്തിനുള്ള പൂമാലകളും കൊണ്ടു കലാസൗധത്തിലേക്ക്.
ഭടൻ: എന്താണിന്ന് അവിടെ?
ദാസി: അത് കാര്യത്തിൽപ്പെടാത്ത ചോദ്യം. ചോദിച്ചാൽ എങ്ങോട്ടാണെന്ന് പറയാനേ കൽപ്പനയുള്ളു.
ഭടൻ: (മയത്തിൽ) എന്നാലും നീ എന്നോട് പറയില്ലേ?
ദാസി: കാര്യം?
ഭടൻ: കുറച്ചുനേരം മൃദുലമായ ഒരു സ്വരം കേൾക്കാലോ! എത്രകാലമായി ഈയുള്ളവൻ ഭാര്യയുടെ ഒരു കൊഞ്ചലോ കുട്ടികളുടെ ഒരു കരച്ചിലോ കേട്ടിട്ട് !
ദാസി: അത്രയ്ക്കായോ? പതിമൂന്ന് ദിവസമാവുമ്പോഴേയ്ക്കും ആര്യപുത്രൻ ഈ നിലയ്ക്കായെന്ന് അവളറിഞ്ഞാൽ...
ഭടൻ: അറിഞ്ഞാൽ?
ദാസി: അതെന്തൊരു ചാരിതാർത്ഥ്യമായിട്ടാണ് ആ സാധ്വി കണക്കാക്കുക.
ഭടൻ: ചാരിതാർത്ഥ്യമെന്നോ: ഞാൻ കഷ്ടപ്പെടുമ്പോൾ അവൾക്കെങ്ങിനെ ചാരിതാർത്ഥ്യമുണ്ടാവും!
ദാസി: ഒരു ഭടന്റെ ഭാര്യയ്ക്ക് പതിമൂന്ന് ദിവസത്തെ സ്വൈരം ചില്ലറ കാര്യമാണോ?
ഭടൻ: എടി പെണ്ണേ, ഞാനിവിടെ സ്ഥിരം പാറാവില്ലെങ്കിൽ ഒരു ഭടന്റെ ഭാര്യ എങ്ങിനെയാണെന്ന് ഇതിലിടയ്ക്ക് നിന്നെ പഠിപ്പിച്ചു വിട്ടേനെ.
ദാസി: അവളും പഠിപ്പിച്ചു വിട്ടേനെ.
ഭടൻ: ആരെ?
ദാസി: ഈ പറയുന്ന ആളെ!
ഭടൻ: അവളെന്നെ എന്തു പഠിപ്പിക്കാൻ.
ദാസി: പതിമൂന്നു ദിവസം അടിച്ചുതളി കൊടുക്കാത്ത ചൂലിനു നീളമെത്ര കൂടീട്ടുണ്ടെന്ന്!
ഭടൻ: എന്നാലും ഈ കുന്തവും പിടിച്ച് തൂണിന് പകരം നിൽക്കുന്നതിലും ഭേദമാണ്.
ദാസി: (ചൂണ്ടിക്കാണിച്ച്) ആരോ വരുന്നു. അയ്യോ വൈകി. ഞാൻ പോട്ടെ. മഹാരാജാവ് കലാസൌധത്തിൽവെച്ച് അതിഥികളെ ഇന്ന് ഹംസപദികയുടെ സംഗീതംകൊണ്ടാണ് വിനോദിപ്പിക്കുന്നത്. (പോകുന്നു)
(മാധ്വീകൻ പ്രവേശിക്കുന്നു)
ഭടൻ: ഹേ, മാധ്വീകബ്രാഹ്മണാ, അങ്ങെവിടെ പോകുന്നു?
മാധ്വീകൻ: ഓ, ഇവിടെയുമുണ്ട്. കൊട്ടാരത്തിൽ തികച്ചും നാലടി നടന്നിട്ടില്ല. നാൽപ്പതു കാവൽക്കാരോട് ഉത്തരം പറഞ്ഞു കഴിഞ്ഞു. നട്ടുച്ചയ്ക്ക് ഈയുള്ളവനെ പിടിക്കാൻ ജര പാഞ്ഞെത്തിയ ദിവസം, ഹേ, ഹേ, മരുന്നിൽ കൂട്ടാൻ പോലും ഒരൊറ്റ ഭടനില്ല ഇവിടെ.
ഭടൻ: മഹാത്മൻ, ദേഷ്യപ്പെടേണ്ട. ഞാൻ എന്റെ മുറ അനുസരിച്ചു ചോദിച്ചു എന്നേയുള്ളു.
മാധ്വീകൻ: ആരുവെച്ച മുറ?
ഭടൻ: ആസ്തി മഹാറാണി തിരുമനസ്സു കൊണ്ട്, കൽപ്പിച്ച്, ആ തിരുമേനിക്കാണല്ലോ ഇപ്പോൾ കൊട്ടാരഭരണം.
മാധ്വീകൻ: എന്നാൽ പറഞ്ഞേക്ക് മാധ്വീകൻ ഇപ്പോഴും ജരാസന്ധ മഹാരാജാവിന്റെ ഭരണത്തിലാണെന്ന്.
ഭടൻ: ഞങ്ങൾ കേട്ടത്, ഇവിടുന്ന് ആവലാതിപ്പെട്ടിട്ടാണ് കൊട്ടാരംകാവൽ ഊർജ്ജിതപ്പെടുത്തിയത് എന്നാണല്ലോ?
മാധ്വീകൻ: ആഹാ, എന്നെ ജരാപിശാച് പിടിക്കുന്നത് നോക്കാനല്ല, എന്നെ പിടിക്കാൻ വേണ്ടി, കമ്പിൽ കമ്പിൽ മുള്ളു മുളച്ചു. പോലെ ഇവിടെ പട്ടാളക്കാരെ നിർത്തണേ എന്നാണ് ഞാൻ ആവലാതിപ്പെട്ടത്?
ഭടൻ: അതെനിക്കറിയില്ല യുവരാജാവ് തിരുമനസ്സുകൊണ്ടു തന്നെയാണെങ്കിലും എവിടെ പോകുന്നു എന്ന് ചോദിക്കണമെന്നാണ് മഹാറാണിയുടെ കൽപ്പന.
മാധ്വീകൻ: അല്ല, യുവരാജാവ് തിരുമേനിയോട് മാത്രം എവിടെപ്പോകുന്നു എന്ന് ചോദിക്കണമെന്നാവും

കൽപ്പന.  ഇവിടെ ചെകുത്താന്  കൊട്ടാരവും  മനുഷ്യന്  ലായവുമാണ്.

ഭടൻ: അതൊന്നും എനിക്കറിയില്ല. ദ്വന്ദയുദ്ധം കഴിയുന്ന ദിവസം ശേഷിക്കുന്ന ശത്രുക്കൾ തടിതപ്പിച്ചാൽ ഞങ്ങൾക്ക് തലയില്ല. അവരെ സഹായിക്കുവാനും കൊട്ടാരത്തിൽ ആളുണ്ടത്രെ. തലപോകുന്ന കാര്യങ്ങളാണ്. ചുമരിന് ചെവിയുണ്ട്. ഹേ! മഹാബ്രാഹ്മണ! അങ്ങവിടെപ്പോകുന്നു എന്ന് പറഞ്ഞേക്കൂ. എന്നിട്ട് ഇഷ്ടമുള്ള വഴിയ്ക്ക് നടന്നോളൂ. എനിക്കെന്റെ മേലാവ് ചോദിച്ചാൽ പറയാൻ ഇത്രയും കാര്യങ്ങൾ വേണം.

മാധ്വീകൻ: അപ്പോൾ ഇത്രത്തോളമെത്തി കഥ! ആട്ടെ എഴുതിവെച്ചോ. മാധ്വീകൻ, സാക്ഷാൽ മഹാരാജാവ് തിരുമേനിയെ കാണാൻ പോണു. അദ്ദേഹം നീണ്ട ദ്വന്ദയുദ്ധത്തിന്റെ ക്ലേശം കൊണ്ട്, മുഷിഞ്ഞ് ഇപ്പോൾ തോഴനായ എന്നെ കാത്ത് ഉദ്യാനത്തിലോ അതിഥിസൽക്കാര മന്ദിരത്തിലോ ഇരുന്നരുളുന്നുണ്ടാവും.

ഭടൻ: മതി, എന്റെ കാര്യം കഴിഞ്ഞു. ഇനി അങ്ങേയ്ക്ക്  ഇഷ്ടമുള്ള   സ്ഥലത്തേക്ക് പോകാം. പക്ഷെ, തമ്പുരാനെ കാണാനാണെങ്കിൽ ഉദ്യാനത്തിലേക്ക് പോകണ്ട.

മാധ്വീകൻ: അദ്ദേഹം എവിടെയാണ്?

ഭടൻ: അദ്ദേഹം അഭ്യംഗസ്നാനവും  അമൃതേത്തും കഴിഞ്ഞശേഷം ഭീമസേനന്റെ തോളിൽ കയ്യും വെച്ച് കൃഷ്ണാർജ്ജുനൻമാരാൽ അനുഗതനായി ഗീതനൃത്താദികൾ നടത്തുന്ന കലാസൌധത്തിലേയ്ക്ക് എഴുന്നള്ളുന്നുണ്ടാവും.

മാധ്വീകൻ: എന്റെ തോഴയരുടെ കഥ അത്ഭുതം തന്നെ. പ്രതിദ്വന്ദികൾക്ക് ആതിഥേയനാവുക! രാത്രി മുഴുവൻ തോളിൽകയ്യിട്ട് നടത്തം, ആട്ട്, പാട്ട്, സദ്യ, കുടി, ചതുരംഗം, എല്ലാം കൂത്താട്ടങ്ങളും. നേരം പുലന്നാൽ എടുത്തു ഗദ. രണ്ടാളും പരസ്പരം പൊതുക്കലായി. ഈ ക്ഷത്രിയന്മാരുടെ കഥ! ഇവരെ സ്നേഹിക്കുകയോ പേടിക്കുകയോ വേണ്ടത് എന്നറിയില്ല. ഏതായാലും താനിവിടെ കുന്തം പോലെ നിൽക്കൂ.  ഇതിലെ പോകുന്ന ഈച്ചയോടും  പൂച്ചയോടും   വിടാതെ ചോദിച്ചോ, എവിടേക്ക്, എവിടേക്ക് എന്ന്. എനിക്കാവട്ടെ പൊട്ടപ്പാട് കുറെ കേൾക്കേണ്ടിവന്നാലും ശരി, തോഴരുടെ അടുത്തിരുന്ന്  മഞ്ഞിൽ പൂഴ്ത്തിയ പൂവമ്പഴം മൂക്കറ്റം അടിക്കാനുള്ള അവസരം കളഞ്ഞുകൂടാ! (പോകുന്നു)

ഭടൻ: (ആത്മഗതം, ഉറക്കെ) എന്താണി ബ്രാഹ്മണരെപ്പറ്റി പറയേണ്ടത്. കൊട്ടാരം കീഴ്മേൽ മറിഞ്ഞാലും ശരി, മഞ്ഞിൽ പൂഴ്ത്തിയ പൂവമ്പഴത്തിന്റെ സ്വാദാണ് ഇവർക്ക് തൊണ്ടയിൽ!

(യവനിക)

**രംഗം 5**

കലാസൌധം. ചിത്രാലംകൃതമായ ചുമര്. രാത്രി. കൃഷ്ണാർജ്ജുനന്മാർ രംഗത്തിൽ. ചുമരിലുള്ള ചിത്രങ്ങൾ നോക്കി ചുറ്റി നടക്കുന്നു. യവനിക ഉയരുന്നതിന് മുൻപ് അണിയറിയിൽ നിന്ന്:

ഉച്ചയ്ക്കുച്ചണ്ഡ രശ്മി പ്രകരമിടവിടാതേറ്റു
          നിൽക്കുമ്പോഴാട്ടേ-
മെച്ചത്തിൽ സാന്ധ്യശോണാസവമതിസുലഭം
          ഹന്ത, മോന്തുമ്പോഴാട്ടേ,
പച്ചപ്പിൽപൊങ്ങി നിൽക്കും പരുഷതരശിലേ,
          സാത്ഭുതം കാണ്മിതേ, നീ-
യിച്ഛിക്കുന്നെന്തതത്രേ സതതമനുഭവിക്കു
          ന്നുവെന്നുള്ള ഭാവം.

(യവനിക ഉയരുന്നു)

കൃഷ്ണൻ: (ഒരു ചിത്രം ചൂണ്ടി) അർജ്ജുനാ, നോക്കൂ, ഈ മഗധൻമാരുടെ ഐശ്വര്യം! ഗിരിവ്രജത്തിലെ പച്ചപ്പുൽപ്പാടങ്ങളിലെ ഗോസമൃദ്ധി! നാം പോരുമ്പോൾ കണ്ടിട്ടില്ലേ.   അമ്പാടിയിൽപ്പോലും ദുർല്ലഭദൃശ്യമായ തടിച്ചു കൊഴുത്ത പൈക്കൾ. ഏതോ വിദഗ്ദ്ധനായ  ചിത്രകാരൻ അവയെ ജീവനോടുകൂടി ഇവിടെ പകർത്തി വെച്ചിരിക്കുന്നു!

അർജ്ജുനൻ: ശരിയാണ്. ഇതാരാ, ആയിരം സിംഹങ്ങളുടെ ശക്തി തോന്നിക്കുന്ന ഒരു കാളയുടെ കൊമ്പു പിടിച്ചമർത്തി നിൽക്കുന്നത്! അമ്പോ, ചിത്രകലാവൈഭവം, അൽപം ചെരിഞ്ഞതലയോട്ടി

ലെ തുറിച്ച വടക്കണ്ണും ആ നോട്ടം വീഴുന്നിടത്തെ ചാരനിറച്ഛായവും കൊണ്ടു എന്തൊരു ഭയാനകതയാണ് സൃഷ്ടിച്ചിട്ടുള്ളത്

കൃഷ്ണൻ: അദ്ദേഹമാണ് ബൃഹദ്രഥൻ. ജരാസന്ധന്റെ പിതാവ്. അദ്ദേഹം ഒറ്റയ്ക്ക് പോരാടിയിട്ട് മാംസാദവൃഷമെന്ന് കുപ്രസിദ്ധിനേടിയ ഒരു കൂറ്റൻ കാളയെ കൊല്ലുകയുണ്ടായി. അതിന്റെ തോൽകൊണ്ട് നിർമ്മിച്ചു വെച്ച പെരുമ്പറയാണ് ചൈത്യത്തിൽ വെച്ച് ഭീമൻ അടിച്ചു പൊളിച്ചത്.

അർജ്ജുനൻ: അങ്ങൊടിച്ചു കളഞ്ഞ ആ പുഷ്പാർച്ചിതങ്ങളായ കൊമ്പുകൾ ഇതിന്റേതായിരിക്കും?

കൃഷ്ണൻ: അതേ! ജരാസന്ധന്റെ കുലാഭിമാനങ്ങളായിരുന്നു അതു രണ്ടും.

അർജ്ജുനൻ: (മറ്റൊരാലേഖ്യം ചൂണ്ടി) ഇവരാര്? ചാണ്ടൂരനും മുഷ്ടികനുമാണോ? ആസ്തിമഹാറാണി മധുരയിൽനിന്ന് പോരുമ്പോൾ കൊണ്ടുവന്നതാവും ഈ പ്രസിദ്ധ മല്ലന്മാരുടെ ചിത്രം.

കൃഷ്ണൻ: (സൂക്ഷിച്ചുനോക്കി) അല്ലല്ല: അവർ ഹംസനും, ഡിഭഗനുമാണ്. അശസ്ത്രവദ്ധ്യന്മാരും ജരാസന്ധന് ഇരുകൈകൾ പോലെ ഉപകരിച്ചിരുന്നവരും.

അർജ്ജുനൻ: അവർ ഇപ്പോഴുമുണ്ടോ?

കൃഷ്ണൻ: നമ്മുടെ ഭാഗ്യാതിരേകത്താൽ അവർ ഇപ്പോൾ ഇല്ല! എന്നല്ല, പിച്ചക്കുട്ടികൾ കൂടി ചിരിച്ച് പോകുമാറ് അത്രയും നേരംപോക്കുണ്ടാക്കിയാണ് ആ മഹാവീരന്മാർ മരിച്ചത്.

അർജ്ജുനൻ: എന്താണാ കഥ?

കൃഷ്ണൻ: പതിനേഴുവട്ടം ഈ ജരാസന്ധൻ മധുരയെ ആക്രമിച്ച കഥ കേട്ടിട്ടില്ലേ?

അർജ്ജുനൻ: ഉണ്ട്. ഒടുവിലത്തെ തവണ ആ മനോഹര നഗരത്തെ ഇയാൾ നിർദ്ദയമായി ചതച്ച കഥ പറയുമ്പോൾ അമ്മയുടെ കണ്ണുകൾ നനഞ്ഞിരുന്നു.

കൃഷ്ണൻ: ആ ആക്രമണങ്ങളിൽഞങ്ങൾക്ക് ഏറ്റവും ദുർദ്ധർഷരായി തോന്നിയത് ഈ വീരൻമാരെയാണ്.

അർജ്ജുനൻ: എന്നിട്ട്? അവരെ ആരെ കൊന്നു? കൃഷ്ണനോ?

കൃഷ്ണൻ: അല്ലല്ല.

അർജ്ജുനൻ: ആ ബലഭദ്രരാവും അല്ലേ? അദ്ദേഹത്തിന്റെ എതിരറ്റ ഹലത്തെ ഇവയുടെ തോളുകളും താങ്ങില്ല!

കൃഷ്ണൻ: ഇവരിൽ ആ മഹായുധവും നിഷ്ഫലമായി.

അർജ്ജുനൻ: പിന്നെ?

കൃഷ്ണൻ: ഹംസനെന്ന മറ്റൊരു രാജാവുണ്ടായിരുന്നു, ജരാസന്ധ പക്ഷപാതി. ജ്യേഷ്ഠൻ അയാളെ കൊന്നു.

അർജ്ജുനൻ: പിന്നെ?

കൃഷ്ണൻ: ഡിഭഗൻ കേട്ടു. ഹംസൻ മരിച്ചുപോയെന്ന്. ഉടനെ ഹംസനില്ലാത്ത ഭൂമിയിൽഞാൻ ജീവിച്ചിരിക്കില്ലെന്ന് പറഞ്ഞ് ഡിഭഗൻ പോയി യമുനയിൽച്ചാടിച്ചത്തു!

അർജ്ജുനൻ: ഹ, ഹ, ഹ, ഡിഭഗന്റെ പ്രേമോൽക്കർഷം കൊള്ളാം.

കൃഷ്ണൻ: ഡിഭഗൻ ആത്മഹത്യ ചെയ്ത വിവരം ഹംസനറിഞ്ഞപ്പോൾ അയാളും കൂറുകാട്ടി. ഡിഭഗനില്ലാത്ത ലോകത്തിൽഞാൻ ജീവിച്ചിരിക്കില്ലെന്ന് പറഞ്ഞ് താനും അതേ കയത്തിൽ ചാടിച്ചത്തു!

അർജ്ജുനൻ: (വീണ്ടും പൊട്ടിച്ചിരിച്ചുകൊണ്ട്) കൃഷ്ണാ, വീരകഥ ആവർത്തിച്ചാവർത്തിച്ച് യുദ്ധചരിത്രം മുഷിപ്പനാകുമ്പോൾ ഇത്തരം രസികന്മാരാണ് നമ്മുടെ രക്ഷയ്ക്കെത്തുന്നത്. (ചിത്രത്തിൽ നോക്കിയിട്ട്) സാഹസികൻമാരേ, നിങ്ങൾക്ക് നന്ദി!

കൃഷ്ണൻ: ഇതാ സാക്ഷാൽ ജര! മഗധൻമാർ ഗന്ധദീപാദികൾ കൊണ്ടു നിത്യ പൂജ നടത്തുന്ന പിശാചിക.

അർജ്ജുനൻ: ഭയങ്കരിതന്നെ.

കൃഷ്ണൻ: ജരാസന്ധന്റെ അടവുകൾ പരാജയപ്പെടുത്തുന്നിടത്ത് ഭീമന്റെ ഗദയെ തട്ടി മാറ്റുന്നത് ഈ ആസുരി പ്രേതമാണ്.

അർജ്ജുനൻ: അതിനെന്തുവഴി? പതിമൂന്നു ദിവസം പൊരുതീട്ടും ആ പെരുമലക്ക് അനക്കമില്ലല്ലൊ.

കൃഷ്ണൻ: നാളത്തെ ദിവസം നിർണ്ണായകമാണ്. ഈ ആസുരിയെ സൂത്രം കൊണ്ട് തോൽപ്പിക്ക തന്നെ വേണം.

അർജ്ജുനൻ: ബകനിലും ഹിഡുംബനിലും പിഴയ്ക്കാത്ത ജ്യേഷ്ഠന്റെ ഗദാവിദ്യ നാളെ സഫലമാകട്ടെ.

കൃഷ്ണൻ: അതാ, വീരാധിവീരന്മാരായ ഭീമജരാസന്ധന്മാർ വരുന്നു! പകൽ മുഴുവൻ കാട്ടിൽ ചെന്ന് വൻതടികൾ വലിച്ച കൊമ്പനാനകൾ സന്ധ്യയ്ക്ക് താമരപ്പൊയ്കയിലെ കൂത്താട്ടം കഴിഞ്ഞ്

കയറിവരുമ്പോലെ.

അർജ്ജുനൻ: അമ്പോ, മഗധന്റെ ഗാംഭീര്യം!

കൃഷ്ണൻ: ദുഷ്കൃത്യങ്ങളിൽ ആണ്ടു മുങ്ങിയിരുന്നില്ലെങ്കിൽ ഉദാരശീലനും ലക്ഷണമൊത്തവനുമായ ഈ മഹാരഥനേക്കാൾ നല്ലൊരു ചക്രവർത്തി ഉണ്ടാകുമായിരുന്നോ.

(മധുരമായി ചിരിച്ചുകൊണ്ട് ഭീമജരാസന്ധന്മാർ പ്രവേശിക്കുന്നു)

(എല്ലാവരും പരസ്പരം ഉപചാരമർപ്പിക്കുന്നു)

ജരാസന്ധൻ: കൃഷ്ണാ, അർജ്ജുനാ, നമുക്കിനി ഉല്ലസിക്കാം ഗദാഘാതംകൊണ്ട് തകർന്നിരുന്ന ഞങ്ങൾ ഇന്നത്തെ ക്ഷീണത്തെ പുതിയ മദിരയിൽ മുക്തിക്കളഞ്ഞു!

കൃഷ്ണൻ: അതേ, ഉല്ലാസമാണിനി അത്യാവശ്യം. സമരം കാണാനുള്ള കൊതി തഴച്ചുകഴിഞ്ഞ ഞങ്ങൾക്ക് രണ്ടാളേയും ഉന്മേഷവാന്മാരായി കാണുമ്പോൾ തികച്ചും ഉത്സാഹം തോന്നുന്നു.

ജരാസന്ധൻ: ഇന്ന് ചെറിയൊരു സംഗീതവിരുന്നാകട്ടെ. (തിരിഞ്ഞ്) ആരവിടെ? പ്രതിഹാരി (പ്രവേശിച്ച്) അടിയൻ.

ജരാസന്ധൻ: പാട്ടുകാരിയെ വിളിക്കൂ. (പ്രതിഹാരി പോകുന്നു. മാധ്വീകൻ പ്രവേശിക്കുന്നു.)

മാധ്വീകൻ: എന്റെ തോഴർ വിജയിച്ചാലും.

ജരാസന്ധൻ: ഓഹോ, ഇന്ന് തോഴരുടെ വകയാണോ ഗാനം?

മാധ്വീകൻ: തോഴരേ ഈ ഭീമൻ കഴുത്തിന് പിടിച്ച് ഞെരിച്ചാൽ പോലും ഒരു തുള്ളി ഗാനം എന്റെ തൊണ്ടയിൽനിന്ന് പിഴിഞ്ഞെടുക്കാനാവില്ല.

(എല്ലാവരും ചിരിക്കുന്നു)

ഭീമൻ: ഓഹോ, കഷ്ടമാണേ ആ തൊണ്ട അങ്ങിനെ വരണ്ടാൽ.

(ഹംസപദികയും മേളക്കാരും പ്രവേശിച്ച് സ്വസ്ഥാനങ്ങളിലിരിക്കുന്നു)

ജരാസന്ധൻ: തോഴരേ വരു. പാരസീകത്തിൽനിന്ന് ഇന്നെത്തിയ ഈ മുന്തിരിപ്പഴവും ദക്ഷിണാപഥത്തിൽ നിന്ന് പ്രത്യേകം വരുത്തിയ ഈ പൂവൻപഴവും എത്ര നേരമായി അങ്ങയെ കാത്തിരിക്കുന്നു. അതിന്നു മേലേയാവാം ഹംസപദികയുടെ സംഗീത മാധുര്യം.

മാധ്വീകൻ: ഇവളുടെ പാട്ട് മധുരിക്കണമെങ്കിൽ നമ്മൾ ആദ്യം രുചിക്കേണ്ടത് വേപ്പിലക്കട്ടിയാണ്! ഏതായാലും നമ്മുടെ അതിഥികൾക്കു വേണ്ടി, കുറെ ഘർഘരശബ്ദവും വിഴുങ്ങിയേക്കാം. പാടിക്കൊള്ളട്ടെ. (എല്ലാവരും ചുറ്റിനടന്ന് പാത്രങ്ങളിൽ കൂമ്പാരങ്ങളായി വെച്ചിട്ടുള്ള ഫലങ്ങൾ ആസ്വദിക്കുന്നു)

പ്രതിഹാരി: അതാ, ഹംസപദിക പാടാനൊരുങ്ങിക്കഴിഞ്ഞു.

ജരാസന്ധൻ: തുടങ്ങാം. എന്താ അർജ്ജുനാ!

അർജ്ജുനൻ: ഞങ്ങൾക്ക് രാപ്പകൽ ഒരുപോലെ കിട്ടുന്ന ഈ ആതിഥ്യത്തെ എത്ര പുകഴ്ത്തിയാലും മതിയാവില്ല.

ജരാസന്ധൻ: ഹംസപദികേ, അനുഗ്രഹീതമായ നിന്റെ കലാവിദ്യ കൊണ്ട് നമ്മുടെ വിരുന്നുകാരെ സൽക്കരിക്കൂ.

ഹംസപദിക: കൽപ്പന പോലെ.

മാധ്വീകൻ: വത്സേ, നീയാണ് പാടുന്നതെങ്കിൽ ഈ കൂട്ടരെ മുഷിപ്പിക്കു എന്നാണ് പറയേണ്ടത്. കുമാരഭീമനെ മാത്രമേ നിനക്ക് രസിപ്പിക്കാനൊക്കു. നിന്റെ പരുക്കനൊച്ച എന്റെ തോഴരുടെ ഗദാസ്ഫാലനത്തിന്റെ മൂളൽ വിടാത്ത ആ പോത്തൻ ചെവിയിലേക്ക് കടന്നു ചെല്ലാൻ മാത്രമുണ്ടാവും.

ഹംസപദിക: കുമാരഭീമനെ രസിപ്പിക്കാൻ കഴിയുമെങ്കിൽ എന്റെ സംഗീതകല സഫലമാവും. മഹാബ്രാഹ്മണാ എന്നെ അനുഗ്രഹിക്കണം.

മാധ്വീകൻ: നിന്റെ അഭിലാഷത്തിന് സദ്യഃഫലമുളവാകട്ടെ.

ഹംസപദിക പാടുന്നു:

പേടിയാണെനിക്കെൻ പ്രിയനെ...
എൻപ്രിയനെ...
ഹാ, ഹാ, നിർദ്ദയതരമവനാകർഷിപ്പൂ.
    പേടിയാ...
ആടീ, മോഹനഗാനം
പാടീ, സുന്ദരസൂനം
ചൂടി, തരളം തദുപാന്തികമിങ്ങണയെ...

പ്പേടിയാണെനിക്കെൻ പ്രിയനെ...
ഭാവഗാംഭീര്യങ്ങളാ-
ലാവാം മഹിമയോർത്തു
മാവാം, അടുക്കുന്തോറും
വിനയാൽ മഥിതം ഹൃദയം വ്യഥിതം
പേടിയാണെനി...
കൂറും കുറവല്ലെന്നു-
മേറും ശ്രദ്ധയാസായം-
തോറും ചൊൽവൂഞാനേതും
അരുതൊരുദിനമിതു മിനി വെടിവതിനിനി മമ
പേടിയാണെനി...
സ്മേരം തൻമുഖം കാണാൻ
പാരമെന്നുള്ളിൽ മോഹ-
പൂര; മുള്ളിനുമുള്ളിൽ...
പേടിയാ...
ഏതും തെരിയാത്ത നാൾ
പെയ്തു സുഖങ്ങൾ ഭേദം
നാഥനില്ലാത്തതെന്നെൻ
വാദം; ആകർഷമി-
തകരുണ, മനുദിന, മനുപമ, ചതുലം
പേടിയാണെനിക്കെൻ പ്രിയനെ...
(ഒരു നിമിഷം നിശ്ശബ്ദം)
കൃഷ്ണൻ: ഹംസപദികേ, നീ ഞങ്ങളുടെ എല്ലാ ക്ലേശങ്ങളെയും വിസ്മരിപ്പിച്ചു കളഞ്ഞു.
ജരാസന്ധൻ: വത്സേ, എന്റെ സന്തോഷത്തിനു വേണ്ടി ഇത് നീ കഴുത്തിലണിയൂ. (ഒരു ഹാരം സമ്മാനിക്കുന്നു. ഹംസപദിക അതു വാങ്ങി തൊഴുത് കഴുത്തിലിടുന്നു.)
അർജ്ജുനൻ: അത്യുചിതമായി സമ്മാനം.
മാധ്വീകൻ: വത്സേ, നിനക്കു തരാൻ എന്റെ മുൻപിൽ ഈ പഴത്തോലുകൾ മാത്രമേ ബാക്കിയുള്ളു. ഇതുകൊണ്ട് നിന്റെ പാട്ടിലെ ആ ഭയങ്കരനായ ദേവനെ പൂജിച്ചോ.
(പൊട്ടിച്ചിരികൾ)
ഹംസപദിക: മഹാബ്രാഹ്മണാ, ഞാൻ ഒരാളെ രസിപ്പിക്കുമെന്ന് അങ്ങ് അനുഗ്രഹിക്കുകയുണ്ടായി. അദ്ദേഹം മൗനം ഭജിക്കുന്നേയുള്ളു.
ഭീമൻ: പ്രിയഗായികേ, ഞാൻ നിന്റെ പാട്ടിൽ രസിച്ചുവോ എന്ന് ഓർക്കുകയായിരുന്നു. ഒരു കാര്യം തീർച്ച. നിന്റെ ഗാനം എന്റെ സിരാപടലത്തെ ശക്തികൊണ്ട് നിറച്ചിട്ടുണ്ട്. മാന്യനായ എന്റെ അതിഥേയൻ വീശിയടിക്കുന്ന ഗദയ്ക്ക് മുൻപിൽ ഒരു ദിവസംകൂടി നിൽക്കാൻ എനിക്കിനി സാധിക്കും.
ജരാസന്ധൻ: ഹംസപദികേ, എങ്കിൽ നിന്റെ കലാവിദ്യ സഫലം തന്നെ. കൂട്ടുകാരെ നിങ്ങൾക്ക് അനാഹതവും അനവദ്യവുമായ വിശ്രമം ലഭിയ്ക്കട്ടെ.
(എല്ലാവരും എഴുന്നേൽക്കുന്നു)
ഭീമനും കൃഷ്ണാർജ്ജുനന്മാരും: അങ്ങേയ്ക്ക് മംഗളം. (തൊഴുത് നിഷ്ക്രമിക്കുന്നു. പാട്ടുകാരിയും വാദ്യക്കാരും വഴിയെ. രംഗത്തിൽ ജരാസന്ധനും മാധ്വികനും മാത്രം അവശേഷിക്കുന്നു)
ജരാസന്ധൻ: തോഴരേ, അങ്ങെന്നെ തിരഞ്ഞുവന്ന കാര്യമൊന്നും പറഞ്ഞീല്ലല്ലൊ. കേൾക്കണം. മ ഗധത്തിന്റെ ചതുരംഗസേനയിലെ അക്ഷൌഹിണികളെ, അതിന്റെ സർവ്വ സൈന്യാധിപനോടു കൂടി ഞാനങ്ങയുടെ അധീനത്തിൽ വെച്ചിരിക്കുന്നു. കൊട്ടാരത്തിനകത്തോ പുറത്തോ മാമലക ൾക്കും മഹാർണ്ണവത്തിനുമപ്പുറത്തോ ഈ മഹാസേന അങ്ങയുടെ ആജ്ഞ അനുസരിച്ചേ ച ലിയ്ക്കൂ. ആസ്തിക്കും സഹദേവനും സർവ്വസൈന്യാധിപനും നാം ആജ്ഞകൾ കൊടുത്തു കഴിഞ്ഞിരിക്കുന്നു. പോരെ!
മാധ്വീകൻ: മഹാരാജൻ, അങ്ങ് മഗധത്തിന്റെ ഭാഗ്യതാരമാണ്. മഗധന്മാരേ, നിങ്ങൾക്ക് നാശമില്ല. ഈ ഗിരിദുർഗ്ഗത്തിന്റെ ആചന്ദ്രതാരം നിലനിൽക്കുന്ന മഹാസൗഭാഗ്യത്തെ സ്വപ്നം കണ്ടുകൊണ്ട് ഞ ാനിനി ഒന്നുറങ്ങാൻ ശ്രമിക്കട്ടെ. ചാരചക്ഷുസ്സായ ജരാസന്ധൻ ഉണർന്നിരിക്കുമ്പോൾ ആര്, എ

ന്തിന് ഉറങ്ങാതിരിക്കും. മഹാരാജൻ, സ്വസ്ത്യസ്തു! (പോകുന്നു)
ആസ്തി: (ഒരു കൊടുങ്കാറ്റുപോലെ പ്രവേശിക്കുന്നു) അച്ഛാ!
ജരാസന്ധൻ: (വാത്സല്യ പൂർവ്വം) ആസ്തി, എന്തുവേണം?
ആസ്തി: മഗധത്തിലെ രണധീരന്മാരായ ഭടന്മാരെ മുഴുവൻ ഒരു വിഡ്ഢിബ്രാഹ്മണന് വിട്ടുകൊടുക്കുക. എനിക്കിതു മനസ്സിലാക്കാൻ കഴിയുന്നില്ല.
ജരാസന്ധൻ: ശരിയാണത് കുഞ്ഞേ, മഗധത്തിന്റെ മറ്റു ഭരണാധികാരികൾ ആ ബ്രാഹ്മണനേക്കാൾ വിഡ്ഢികളാണെന്ന് തെളിഞ്ഞാലോ?
ആസ്തി: കൃഷ്ണ പക്ഷീയരിൽ അഗ്രേസരനല്ലേ യുധിഷ്ഠിരൻ? ആ രാജാവിനെ നിഷ്പ്രയാസം ബന്ധിച്ചു കൊണ്ടു വരാൻ ഇതിലും പറ്റിയ സമയമുണ്ടോ? മഗധമഹാബലത്തെ ഭയന്ന് ദ്വന്ദയുദ്ധം യാചിച്ചുവാങ്ങിയ ഈ ക്ഷുദ്രന്മാർക്ക് ഇതിലും പറ്റിയ മറുപടിയുണ്ടോ? അച്ഛാ, അതെങ്ങിനെ വിഡ്ഢിത്തമാവും.
ജരാസന്ധൻ: സമയം ശരി തന്നെ. ഏറ്റവും തന്ത്രപരമായ ആലോചനയാണത്.
ആസ്തി: എങ്കിൽ, അതിനു മുതിർന്ന എന്നെ നിരായുധയാക്കിയതോ?
ജരാസന്ധൻ: (സസ്മിതം) നിഷ്പ്രയാസം ബന്ധിക്കരുത് എന്ന് വെച്ച് തന്നെ. നിനക്കറിയില്ലേ തുറുങ്കിൽ കിടക്കുന്ന 99 മഹാരഥന്മാരിൽ ഒരുത്തനെയെങ്കിലും തന്ത്രമുപയോഗിച്ച് നിഷ്പ്രയാസം ബന്ധിച്ചിതാണോ?
ആസ്തി: അല്ല, കടുത്ത യുദ്ധം വേണ്ടി വന്നിട്ടുണ്ട് ഓരോരുത്തരോടും.
ജരാസന്ധൻ: എങ്കിൽ നൂറാമത്തെ പശുവിനെയും ആട്ടിപ്പിടിക്കുക തന്നെ വേണം. ബലവും വീരതയും ദാസ്യത്തിന്നു നിൽക്കുമ്പോൾ ജരാസന്ധനെന്തിന് തന്ത്രത്തെ പിടിച്ച് ദൂതിന്നയക്കണം?
ആസ്തി: അച്ഛാ, കൃഷ്ണനു നേർക്ക് എന്റെ ഹൃദയത്തിൽ കത്തുന്ന വിദ്വേഷത്തിന്റെ ചൂട് അച്ഛനറിയില്ല!
ജരാസന്ധൻ: വിഡ്ഢിത്തം. പതിനേഴു തവണ തോറ്റിട്ടും ഈ ജരാസന്ധൻ പിൻമടങ്ങാതെ ചെന്ന് മധുരയെ ചാമ്പലാക്കിയത് കുഞ്ഞേ, നിന്റെ ഹൃദയത്തിൽനിന്ന് കൊളുത്തിയ തീ കൊണ്ടല്ലേ?
ആസ്തി: എന്നിട്ടും ആ കള്ളൻ രക്ഷപ്പെട്ടുവല്ലോ!
ജരാസന്ധൻ: രക്ഷപ്പെട്ടു? അവൻ എന്റെ കൈപ്പിടിയിലുണ്ട്. 99 വേരും മുറിച്ചപ്പോൾ അവൻ ചാഞ്ഞതാണ് മഗധത്തിന് നേരെ. ഇതാ, ജരാസന്ധൻ തായ്‌വേരിന്മേൽ ആഞ്ഞു വെട്ടുന്നു. (രൂക്ഷമായി) ഈ വെട്ടു തടുക്കുന്നവൻ ആര്?
ആസ്തി: (ശാന്തയായി) അച്ഛാ, ക്ഷമിക്കണേ, ഈ മകൾ എന്തായാലും കൃതഘ്നയല്ല. അച്ഛന്റെ മകളാണ്.
ജരാസന്ധൻ: അച്ഛനിൽ അഭിമാനമുണ്ട്.
ആസ്തി: അച്ഛന്റെ ചിരന്തനാഭിലാഷമായ രുദ്രയജ്ഞത്തെ പുച്ഛിച്ച് പറയുന്നതും ഞാൻ സഹിക്കണോ?
സഹദേവൻ: സഹദേവന് അത് മനസ്സിലാവില്ല. അവൻ ഭീരുവാണെന്ന് വിചാരിക്കരുത്. എന്റെ രക്തത്തിൽ നിന്ന് ഒരു ഭീരുവുണ്ടാവാൻ വയ്യ. അവൻ ശക്തിയെ ദയയെന്ന് വിളിക്കുന്നു. നമ്മളാകട്ടെ ദയയെ ദൗർബല്യമെന്നും. പരസ്പരം മനസ്സിലാക്കാൻ വയ്യാത്ത രണ്ടു കൂട്ടർ.
ആസ്തി: (മിണ്ടാതെ നിൽക്കുന്നു)
ജരാസന്ധൻ: മകളേ.
ആസ്തി: അച്ഛാ, എന്റെ ഹൃദയാഗ്നിക്ക് വിറകില്ലാതെ, അതെന്നെത്തന്നെ ചാമ്പലാക്കുമ്പോൾ, മേഘസന്ധിയെ കൊണ്ട് അച്ഛനെനിക്ക് തിലോദകം തരുവിക്കണെ!
ജരാസന്ധൻ: (രുദ്ധകണ്ഠനായി) കുഞ്ഞേ, അച്ഛന്റെ കരുത്ത് കെടുത്താതെ. ഭീമന്റെ ഗദാഗതി താങ്ങാനുള്ള മന്ത്രമല്ല നിന്റെ ചുണ്ടിൽ നിന്ന് വീഴുന്നത്.
ആസ്തി: അച്ഛനെ നമ്മുടെ ഗൃഹദേവി തുണയ്ക്കും.
ജരാസന്ധൻ: പോയി ദേവിക്ക് വിശേഷാൽ പൂജകൾ കഴിയ്ക്കൂ.
ആസ്തി: അച്ഛാ, നമസ്ക്കാരം. (നമസ്ക്കരിക്കുന്നു)
ജരാസന്ധൻ: സ്വസ്തി ഭവിക്കട്ടെ.
(യവനിക)

**രംഗം 6**

രണ്ടാം രംഗത്തിലെ സ്ഥലം അതേപടി. രംഗത്തിൽ ആസ്തിയും മേഘസന്ധിയും. യവനിക ഉയരുന്നതിനു മുൻപ് അണിയറയിൽ.

ആദിത്യോജ്ജ്വല രത്നഭൂഷിത കിരീടാബദ്ധചൂഡാതടം,
പാതാളാവധി നിർഗ്ഗതപ്രജടിതാന്തർമ്മൂല സാഹസ്രകം
ഏതാവൻമഹിമാമഹാനിലയമാമശ്വത്ഥമേ വീണിതേ
സ്ഫീതാഹങ്കൃതി പൊട്ടി ജർജ്ജരതയോടുദ്ധൂതമാം ഭൂമിയിൽ!

(യവനിക ഉയരുന്നു)

മേഘസന്ധി: അച്ഛൻപെങ്ങളേ, ജരാദേവിയുടെ ആലേഖ്യം മങ്ങിയിരിക്കുന്നു. സൂക്ഷിച്ചു നോക്കിയാലേ അങ്ങിനെ ഒന്ന് അവിടെ ഉണ്ടെന്ന് കാണു.

ആസ്തി: നീ വന്ദിച്ചില്ലേ?

മേഘസന്ധി: ഉവ്വ് ഞാൻ കണ്ണടച്ചു നിന്നു പ്രാർത്ഥിച്ചു. ''മുത്തച്ഛന്റെ ഗദത്തല്ലേറ്റ് ഭീമസേനൻ ചത്തുപോണേ' എന്ന്.

ആസ്തി: ഇന്ന് യുദ്ധം അവസാനിക്കുമെന്ന് എനിക്കു തോന്നുന്നു.

മേഘസന്ധി: ഹ, ഹ, ഭീമനെ തച്ചുകൊന്ന് ചോരയും പുരണ്ടു വരുന്ന മുത്തച്ഛനെ ഞാൻ പിടിച്ചു പൂട്ടും.

ഭടൻ: (പ്രവേശിച്ച്) കുമാരഭീമൻ വീണു.

ആസ്തി: ദേവി വിജയിക്കട്ടെ.

ഭടൻ: പക്ഷെ, മോഹാലസ്യമായിരുന്നു. നമ്മുടെ മഹാരാജാവ് തിരുമേനി ആ യുവവീരൻ എഴുന്നേൽക്കുന്നതുവരെ കൃഷ്ണനോട് എന്തോ നർമ്മോക്തികൾ പറഞ്ഞ് ചിരിച്ചു നിന്നു.

ആസ്തി: എന്നിട്ട്.

ഭടൻ: കുമാരഭീമൻ എഴുന്നേറ്റ് മുന്നേതിലും വീറോടെ ഗദ ചുഴറ്റി അട്ടഹസിച്ചു.

ആസ്തി: വീരൻ തന്നെ!

ഭടൻ: വീണ്ടും ഗദായുദ്ധത്തിനൊരുങ്ങിയ ഭീമന്റെ കയ്യിലെ ഇരുമ്പുഗദ തമ്പുരാന്റെ ഗദാഘാതമേറ്റ് പകൽ കൊള്ളിമീൻ പായുന്നതുപോലെ അന്തരീക്ഷത്തിൽ തീ ചിതറി മറഞ്ഞു.

ആസ്തി: ആ നിരായുധനെ പിടിച്ചുകെട്ടിയോ?

ഭടൻ: തമ്പുരാൻ ഗദ സ്വയം വലിച്ചെറിഞ്ഞ് അവനോട് മുഷ്ടിയുദ്ധം തുടങ്ങി.

ആസ്തി: എന്നിട്ട്?

ഭടൻ: ഭയങ്കരമായ യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. അടിയൻ വിവരമറിയിക്കാൻ ഇങ്ങോട്ടു പാഞ്ഞതാണ്.

ആസ്തി: ചെല്ല്, വീണ്ടും വിവരം കൊണ്ടുവാ (ഭടൻ പോകുന്നു)

മറ്റൊരു ഭടൻ: (പ്രവേശിച്ച്) ഇതാ യുവരാജാവ് എഴുന്നെള്ളുന്നു.

(മാധ്വീകൻ, സേനാനായകൻ ഇവരോടു കൂടി സഹദേവൻ പ്രവേശിക്കുന്നു) ആസ്തി എഴുന്നേറ്റുപചരിക്കുന്നു.

സഹദേവൻ: ആസ്തി, നമുക്ക് അടിയന്തിരമായി ചിലത് ആലോചിക്കാനുണ്ട്.

ആസ്തി: എന്താണ് ജ്യേഷ്ഠാ?

സഹദേവൻ: കുറച്ചു മുമ്പ് കുമാരഭീമൻ മോഹാലസ്യപ്പെട്ടു വീഴുകയുണ്ടായി.

ആസ്തി: ഭടൻ പറഞ്ഞറിഞ്ഞു.

സഹദേവൻ: അപ്പോൾ അച്ഛൻ കൃഷ്ണനോട് പറയുകയുണ്ടായി ഈ യുദ്ധം നിർത്തുക എന്ന്.

ആസ്തി: ആ ആലോചന തീർന്നില്ലേ. യുദ്ധം വീണ്ടും തുടങ്ങിയപ്പോൾ?

സഹദേവൻ: ഇല്ലാ. നമുക്ക് തുടർന്ന് ആലോചിക്കേണ്ടതുണ്ട്.

ആസ്തി: എന്തിന്? ഭീമനെ രക്ഷിക്കാനോ?

സഹദേവൻ: അല്ലാ, അച്ഛന്റെ രക്ഷയ്ക്ക്.

ആസ്തി: ഭീമൻ മോഹാലസ്യപ്പെടുന്ന യുദ്ധത്തിൽ അച്ഛന്റെ രക്ഷയിലാണോ ഉൽക്കണ്ഠ?

സഹദേവൻ: ധർമ്മയുദ്ധത്തിൽ പ്രതിദ്വന്ദിക്ക് വരുന്ന മോഹാലസ്യം കണക്കിലെടുക്കാനില്ല. മറ്റു ലക്ഷണങ്ങൾ നോക്കണം.

മാധ്വീകൻ: ദുശ്ശകുനങ്ങൾ കാണുന്നു. കൊട്ടാരം ജ്യോത്സനല്ലേ പറയുന്നത്. നമുക്ക് ഹിതകരമാവില്ല യുദ്ധഫലമെന്ന്!

സഹദേവൻ: അച്ഛൻ വീരാധിവീരനാണെങ്കിലും വൃദ്ധനാണ് ആസ്തി. പതിനാലു ദിവസമായി

തുടർച്ചയായ യുദ്ധം.

സേനാനായകൻ: ഇതേവരെ ഗദായുദ്ധമായിരുന്നു. അടവിൽ തിരുമേനിക്ക് തുല്യൻ ആരുമില്ല. ഭീമന്റെ ഗദ തട്ടിക്കളഞ്ഞതോടുകൂടി മുഷ്ടിയുദ്ധമായി. ആ കൂറ്റൻ യുവാവ് പടു തല്ലുകാരനാണ്. സൂക്ഷിക്കണം.

ആസ്തി: അപ്പോൾ നമ്മൾ പോയി കൃഷ്ണന്റെ കാലുപിടിക്കണമല്ലേ?

സഹദേവൻ: എന്തിന്? കൃഷ്ണൻ നമ്മോടപേക്ഷിക്കുന്നു. യുദ്ധം നിർത്താൻ അച്ഛനെ പ്രേരിപ്പിക്കണമെന്ന്.

ആസ്തി: അച്ഛനെ നിർവീര്യനാക്കാൻ ആ പണി പറ്റും. നിങ്ങക്കറിയില്ല ആ സൂത്രക്കാരനെ.

സഹദേവൻ: യുദ്ധത്തിന് വന്നവർ യുദ്ധം നിർത്താൻ അപേക്ഷിക്കുന്നതിൽ എന്താണ് സൂത്രം?

ആസ്തി: നമ്മൾ പറഞ്ഞാൽ അച്ഛൻ യുദ്ധം നിർത്തില്ല. നമ്മുടെ ഇടയിളക്കം അദ്ദേഹത്തെ ദുർബലനാക്കും.

സഹദേവൻ: നമ്മൾ പറഞ്ഞാൽ അച്ഛൻ നിർത്തും.

ആസ്തി: അതെങ്ങിനെ മനസ്സിലായി?

സഹദേവൻ: ഭീമൻ മോഹാലസ്യപ്പെട്ടപ്പോൾ അച്ഛൻ തന്നെ നിർദ്ദേശിച്ചില്ലേ കൃഷ്ണനോട് യുദ്ധം അവസാനിപ്പിക്കാൻ. വൈരലേശമില്ലാതെ സഖ്യത്തിനു കൃഷ്ണൻ സമ്മതിച്ചുവത്രെ.

മാധ്വീകൻ: ഒരൊറ്റക്കരാറിൻമേൽ.

ആസ്തി: എന്താണത്?

മാധ്വീകൻ: രാജാക്കന്മാരെ തടവിൽ നിന്ന് വിടണം.

ആസ്തി: ങേ! എന്നു വെച്ചാൽ തോറ്റു കൊടുത്തിട്ട് എന്നർത്ഥം.

സഹദേവൻ: അതിലെന്തു തോൽമ?

ആസ്തി: യുദ്ധം തന്നെ കുലകാര്യത്തിന്റെ പേരിലാണല്ലോ. ജ്ഞാതികളെ വിടുവിക്കാനല്ലേ യുദ്ധം.

സഹദേവൻ: മാത്രമല്ല, രാജസൂയത്തിന് കപ്പം വാങ്ങാൻ കൂടിയാണ്. അഥവാ, അതാണ് പ്രധാനം. കീഴടങ്ങേണ്ട എന്ന് കൃഷ്ണൻ സമ്മതിക്കുന്നു. എന്നുവെച്ചാൽ രാജസൂയം തന്നെ വേണ്ടെന്നു വെച്ചു എന്നാണർത്ഥം.

ആസ്തി: അതെല്ലാം സാങ്കൽപ്പികം. മറിച്ച് അച്ഛൻ രുദ്രയജ്ഞം വേണ്ടെന്നു വെച്ചത് തീർച്ചപ്പെട്ട അർത്ഥവും!

സഹദേവൻ: അച്ഛനു നൃപമേധം വേണ്ടെന്നു വെക്കാൻ വിരോധമില്ലത്രെ.

ആസ്തി: പിന്നെ, എന്തിന് യുദ്ധം ചെയ്യുന്നു?

സഹദേവൻ: ആസ്തി, തുറന്നുപറയാം. അച്ഛന്റെ യാദവവിദ്വേഷത്തിന് മുഴുവൻ കാരണവും നിന്നോടുള്ള വാത്സല്യമാണ്.

ആസ്തി: അത് തെറ്റാണോ?

സഹദേവൻ: ആരു പറഞ്ഞു തെറ്റാണെന്ന്! ആ വാത്സല്യത്തിന്റെ പേരിലാണ് പതിനെട്ടുവട്ടം അദ്ദേഹം മധുരയെ ആക്രമിച്ചത്. പോരാ, ആ വാത്സല്യത്തിന്റെ പേരിലാണ് 99 തവണ വീണ്ടും പടവെട്ടി ഈ രാജാക്കന്മാരെ തടവിലാക്കിയത്.

ആസ്തി: അതെല്ലാം എന്തിന് വിസ്തരിക്കുന്നു? അച്ഛൻ ജീവിച്ചിരിക്കുന്നതു തന്നെ എന്നോടുള്ള വാത്സല്യം കൊണ്ടാണ്.

മാധ്വീകൻ: ആ അച്ഛൻ മാനമായി സന്ധിചെയ്ത് നീണാൾ വാഴട്ടെ. കൊട്ടാരം ജ്യോത്സ്യനു മാത്രമല്ല, പുരോഹിതനും അതാണ് അഭിപ്രായം.

സഹദേവൻ: അച്ഛന്റെ പിൻതുടർച്ച വഴിക്കുള്ള രാജ്യാവകാശം പോലും ഞാൻ വിട്ടൊഴിയാം. ആസ്തി, നീ ഭരിച്ചുകൊൾക. ഈ രാജാക്കന്മാരെ വിട്ടയക്കാൻ അച്ഛനോട് ഒരു വാക്ക് നീ പറഞ്ഞാൽ മതി.

മാധ്വീകൻ: ആ ഭയങ്കര മുഷ്ടിയുദ്ധം ഒരൊറ്റ അടയാളം കൊണ്ട് നിർത്താം. വരൂ, അച്ഛനോട് പറയൂ.

സഹദേവൻ: യാദവന്മാർക്കു നീ മാപ്പു കൊടുത്തു എന്ന് അച്ഛനോട് പറഞ്ഞാൽ മതി.

ആസ്തി: പറഞ്ഞാൽമതി അല്ലെ? നാളെ നാടുവാഴാം അല്ലെ? നിങ്ങൾക്കത് മനസ്സലാവില്ല!

സഹദേവൻ: എന്ത്?

ആസ്തി: ഞാനൊരു വിധവയാണ്! ആരുടെ കൈയാൽ വിധവയായി? മുപ്പാരും അടക്കിഭരിച്ച ആ പ്രതാപിയെ കൂറുനരിയെപ്പോലെ വന്ന് തട്ടിമറിച്ചിട്ടതാര്? ആ സൂത്രക്കാരനോട്, നീചനോട്, അഹങ്കാരിയോട്, കുലദ്രോഹിയോട് ചങ്ങാത്തം പൂണ്ടിരിക്കണമല്ലേ? അവന്റെ ജ്ഞാനികളെ വിട്ടുകൊടുക്കണമല്ലേ? അഭിമാനം പോകട്ടെ, ലജ്ജയുണ്ടായില്ലല്ലൊ നിങ്ങൾക്ക് ഇതെന്റെ മുഖത്തുനോക്കി പറയാൻ!

സഹദേവൻ: ഹാ, വൃദ്ധനായ അച്ഛൻ!
ആസ്തി: ഹേ, നിർത്തു. മീശവെച്ച മഗധന്മാരുടെ പേരിൽ ഞാൻ  പറയുന്നു. നിർത്താൻ. നൃപമേധം നടക്കും. നടത്തും. ജരാസന്ധമഹാരാജാവ് മരിച്ചാൽ മഗധത്തിന്റെ അക്ഷൌഹിണിയിൽ ഒരാളെ കുറഞ്ഞുള്ളൂ. ആ അക്ഷൌഹിണിയെ ഭയന്നാണ് ഈ വേഷം കെട്ടിക്കളിക്കുന്ന വർഗ്ഗം ദ്വന്ദയുദ്ധത്തിന് വന്നതെന്ന് മനസ്സിലാക്കിയിട്ടില്ലേ. ഹേ, യുവരാജാവേ,  പുരുഷൻന്മാരെപ്പോലെ പോർക്കളത്തിലേക്ക് ചെല്ലുക. നിങ്ങൾ  തുപ്പിയിടുന്ന രാജ്യം എടുത്തു ചവയ്ക്കാൻ  ഇവിടെ ആളില്ല. മറിച്ച്.  യാദവന്മാരുടെ ചോരകൊണ്ട് എനിക്കഭിഷേകം നടത്താമോ? അതാണെന്റെ മോഹം. അത് സാധിക്കുമോ? മേഘസന്ധിയുടെ മൂർദ്ധാവ് തൊട്ട് ഞാൻ പറയുന്നു. ആ ശിരസ്സിനുള്ളതാണ്  മഗധത്തിന്റെ കിരീടമെന്ന്. അച്ഛൻ മരിക്കട്ടെ. നിങ്ങൾ  കാടും  കയറട്ടെ, നിങ്ങൾക്ക്  തരപ്പെടാത്തത് ഞാൻ അവനെക്കൊണ്ട് സാധിക്കും. മതി.
ഭടൻ: (പ്രവേശിച്ച്) ഭീമൻ...
ആസ്തി: ഭീമൻ വീണുവോ?
ഭടൻ: മഹാറാണി ജയിച്ചാലും. ഭീമസേനൻ നമ്മുടെ മഹാരാജാവിനെ ചീന്തിക്കളഞ്ഞു.
എല്ലാവരും: അയ്യോ!
ഭടൻ: പക്ഷെ, ഫലിച്ചില്ല!  പെട്ടെന്നവിടെ ഒരു തേജസ്സ് പരന്നു. അങ്ങോട്ട്  നോക്കാൻ വയ്യായിരുന്നു. ആ തീക്ഷണപ്രഭ  കണ്ണിനു സഹിക്കാതെ ആയപ്പോൾ ദേഹാർദ്ധങ്ങൾ  ഒന്നിച്ചുകൂടിക്കഴിരുന്ന നമ്മുടെ തമ്പുരാൻ ചാടി എഴുന്നേറ്റു.
ആസ്തി: ദേവി, ജരേ, അവിടുന്നു തുണച്ചു.
(ഒരു നിമിഷം കൺചിമ്മി നിന്ന് പ്രാർത്ഥിക്കുന്നു.  മറ്റുള്ളവരും തൊഴുകയായി നിൽക്കുന്നു.)
ഭടൻ: പുരുഷാരം അത്ഭുതംകൊണ്ട് നിശ്ശബ്ദമായി.
ആസ്തി: അച്ഛൻ എന്തു ചെയ്തു?
ഭടൻ: തിരുമേനി വീറോടെ ചാടി തുടയ്ക്കടിച്ച് ഭീമനെ എടുത്ത് പൊക്കി ആകാശത്തിലേക്കു പമ്പരംപോലെ കറക്കി എറിഞ്ഞുകളഞ്ഞു.
ആസ്തി: നന്ന്, നന്ന്!
ഭടൻ: ഇരുമ്പുഗോപുരം പോലുള്ള ഈ മരുൽപുത്രൻ ഒരു ചെറുപക്ഷിയെ പോലെ കാറ്റിൽ തെന്നിത്തെന്നി പറന്നതല്ലാതെ ഭൂമിയിൽ വീണു തകർന്നില്ല.
സേനാനി: അമ്പോ, അഭ്യാസ ബലം! ഇത്രയ്ക്ക് കരുതിയില്ല.
ഭടൻ: യുദ്ധം നടക്കുന്നു. ഞാൻ ഈ വിവരം അറിയിക്കാൻ ഇങ്ങോട്ടു പാഞ്ഞതാണ്.
ആസ്തി:  ചെല്ല്, വീണ്ടും വീണ്ടും വിവരമറിഞ്ഞുവോ (ഭടൻ പോകുന്നു)
സഹദേവൻ: (തലതാഴ്ത്തി ഒരു ചാൽനടന്ന് നിശ്ചയദാർഢ്യത്തോടെ) സേനാനി, രംഗമണ്ഡപത്തിലേക്ക് നടക്കൂ. മഗധത്തിന് ധർമ്മച്യുതി വരാതിരിക്കാൻ വേണ്ട കരുതലെടുക്കുക. ഞാനിതാ വരുന്നു. (സേനാനി വന്ദിച്ചുകൊണ്ടു പോകുന്നു) (ആസ്തിയോട്) അനുജത്തി, വിധി അനുലംഘ്യമെന്ന് എനിക്കറിയാം. നിന്നിൽ പതഞ്ഞു പൊങ്ങുന്ന ഈ വിദ്വേഷാഗ്നി തല്ലിക്കെടുത്താൻ എനിക്ക് കഴിഞ്ഞില്ല. മഗധത്തോടൊപ്പം നിന്നെയും ഈശ്വരൻ  കൈവെടിയാതിരിക്കട്ടെ.
മാധ്വീകൻ: (പോകാനൊരുങ്ങുന്ന യുവരാജാവിനെ ആംഗ്യം കൊണ്ട് തടുത്ത്) മഹാറാണീ, മഗധത്തിലെ മുഴുവൻ ബ്രാഹ്മണരും പറയുന്നു  ഈ  യുദ്ധം  ഇവിടെവെച്ച്  നിർത്തണമെന്ന്.
ആസ്തി: ഹേ, ബ്രാഹ്മണാ, യുദ്ധം ക്ഷത്രിയകാര്യമാണ്.
മാധ്വീകൻ: ഹാ, ഗർവിഷ്ഠേ, നീ...
മറ്റൊരു ഭടൻ: (പ്രവേശിച്ച്) അഹോ, ചതി! ചതി!
എല്ലാവരും: എന്തു പറ്റി?
ഭടൻ: കൃഷ്ണൻ പ്രത്യക്ഷമായി ഒരു വെറ്റില കീറി കടതലമറിച്ചിട്ട് കാണിച്ചു കൊടുത്തു.
സഹദേവൻ: എന്നിട്ട്?
ഭടൻ: ഇത്തവണ സാഹസകർമ്മാവായ ഭീമന്റെ പ്രവർത്തിക്കു മുൻപിൽ മഹാദേവിയായ ജര പോലും തോറ്റു പിന്മാറി.
സഹദേവൻ: അയ്യോ! വിധി, വിധി!
ആസ്തി: (കയ്യിലേക്ക്  മുഖമമർത്തി തേങ്ങുന്നു)
സഹദേവൻ: അനുജത്തി, കരയാതിരിക്കൂ, മാധ്വികാ വരൂ യുദ്ധരംഗത്തിലേയ്ക്ക്.
മേഘസന്ധി: ഹാ, മുത്തച്ഛാ. (ആസ്തി കണ്ണീരൊലിക്കുന്ന മുഖമമർത്തി, അവനെ  പിടിച്ചണയ്ക്കുന്നു)
(യവനിക)

**രംഗം 7**

കൊട്ടാരത്തിലെ പൂമുഖം. പകൽ. മാധ്വീകൻ നിശ്ചലനായി ആലോചനാമഗ്നനായി നിൽക്കുന്നു.
അണിയറിയിൽനിന്ന്.

"പ്രതിനിമിഷം വിലയിപ്പൂ
യാതൊന്നിങ്കൽ ച്ചരാചരം സർവ്വം
അതിനെ നമിക്കാ, മെത്ര-
യ്ക്കതിൽ നിന്നിനിയും മുളക്കുകില്ലൂലകം!"

(യവനിക ഉയരുന്നു)

(കന്യാകുബ്ജത്തിലെ റാണി പരിവ്രാജകയുടെ വേഷത്തിൽ പ്രവേശിക്കുന്നു)

പ്രമീള: മഹാബ്രാഹ്മണ, വിധവയായ പ്രമീള അങ്ങയോട് യാത്ര ചോദിക്കുന്നു.

മാധ്വീകൻ: (നോക്കി, അമ്പരന്ന്) അതെങ്ങിനെ? എന്തുണ്ടായീ? മഹാനായ മഗധാനിപൻ സഹദേവൻ മഹാരാജാവ് എല്ലാ ബന്ധികളേയും മോചിപ്പിച്ചൂ. കന്യാകുബ്ജമഹാരാജാവിനു മാത്രം ഭാഗ്യം ഇന്നും മരണം ഇന്നലെയുമായിപ്പോയോ? മഹാറാണീ മാധ്വീകൻ യഥാർത്ഥമായും അനുതപിക്കുന്നു.

പ്രമീള: അങ്ങയുടെ അനുതാപം യഥാർത്ഥമാണെന്ന് എനിക്കറിയാം അങ്ങു മാത്രമാണ്ഞങ്ങളുടെ യഥാർത്ഥ ബന്ധു. എന്റെ അഭിമാനിയായ ഭർത്താവിനുവേണ്ടിഞാനങ്ങയോട് നന്ദി പറയട്ടെ!

മാധ്വീകൻ: ഞാനി സ്തുതി അർഹിക്കുന്നില്ലല്ലൊ.

പ്രമീള: ഉവ്വ്, തികച്ചും അങ്ങയായിരുന്നു ഒരു ദിവസത്തെ സർവ്വസൈന്യാധിപനും ഭരണാധികാരിയും.

മാധ്വീകൻ: അതേ, ഞാനോർക്കുന്നു. മഗധത്തിന്റെ വീരാക്ഷൌഹിണിയെ അധർമ്മ യുദ്ധത്തിൽ ചാടിക്കാതിരിക്കാനും മഗധത്തിന്റെ യുവരാജാവിനെ ആ ഭ്രാന്തത്തി ബന്ധിയാക്കാതിരിക്കാനും മഹാരാജാവ് അതു ചെയ്തു.

പ്രമീള: അന്തഃപുരദാസിക്ക് സ്വന്തം ഭർത്താവിനെ ഒരു നോക്കു കാണാൻ അനുവാദം കൊടുക്കാനും.

മാധ്വീകൻ: (സന്തോഷപൂർവ്വം) ഓഹോ എനിക്കോർമ്മയുണ്ട്. നന്നായി. ഭവതിക്ക് ഭർത്താവിനെ ജീവനോടെ കാണാനൊത്തൂ; ഇല്ലേ?

പ്രമീള: ഉവ്വ്. അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ അഭിലാഷം നിറവേറ്റാനും.

മാധ്വികൻ: അതെന്തായിരിന്നു?

പ്രമീള: മോചനൌഷധം.

മാധ്വീകൻ: വിഷം?

പ്രമീള: അല്ല അമൃതം. അമൃതത്തിന്നേ ദാസ്യം തീർക്കാൻ കരുത്തുള്ളൂ.

മാധ്വീകൻ: (ക്രോധപൂർവ്വം) ഭവതി എങ്ങിനെ ഇത് മുൻകൂട്ടി കരുതി?

പ്രമീള: എനിക്കറിയാം കന്യാകുബ്ജരാജാക്കന്മാർക്ക് സ്വന്തം വാൾ ഉപകരിക്കാതെപോകുമ്പോൾ എന്താണാവശ്യമെന്ന്!

മാധ്വീകൻ: (ക്രമേണ) (ശാന്തനായി) വത്സേ, നീ അറിയുന്നില്ല, ഒരു വൃദ്ധ ബ്രാഹ്മണനെ കൊണ്ട് നീ എന്തൊരു കഠിനപാപം ചെയ്യിച്ചുവെന്ന്.

പ്രമീള: മഹാബ്രാഹ്മണാ, കാന്യകുബ്ജരാജവംശത്തിലെ ഒടുവിലെ കണ്ണികൂടി അങ്ങേയ്ക്കു വേണ്ടി പ്രാർത്ഥിക്കും.

മാധ്വീകൻ: വത്സേ, നിന്നോട് വാദിച്ചിട്ട് ഫലമില്ല; നീ വെറും ഭോഷിയാണ്. നിങ്ങളുടെ അതിശക്തനായ ശത്രു വധിക്കപ്പെട്ടു...

പ്രമീള: ഉവ്വ്.

മാധ്വീകൻ: എല്ലാ രാജാക്കന്മാരും മുക്തരായി.

പ്രമീള: ഉവ്വ്.

മാധ്വികൻ: അവർ പരിവാരങ്ങളോടൊപ്പം ആഹ്ലാദിക്കുന്നു.

പ്രമീള: (ആശ്ചര്യം) അങ്ങതിൽ വ്യസനിക്കുന്നില്ല?

മാധ്വീകൻ: എന്തിനു?

പ്രമീള: ആര്യാവർത്തം അവരെക്കുറിച്ച് ദുഃഖിക്കുന്നു.

മാധ്വീകൻ: കാരണം?

പ്രമീള: ക്ഷത്രിയൻ ജ്ഞാതികരത്താൽ മോചിക്കപ്പെട്ടു എന്ന് സന്തോഷിക്കുമ്പോളല്ലെങ്കിൽ പിന്നെ എപ്പോഴാണ് വീരസൂവായൊരു രാജ്യം കരയാതിരിക്കുക.

(മാധ്വീകൻ വിഷാദപൂർവ്വം നോക്കുന്നു)

(ഒരു ദാസിയാൽ അനുഗതനായി മേഘസന്ധി ഓടിവന്നു പ്രമീളയേയും മാധ്വീകനേയും നോക്കിയശേഷം ദാസിയോട്)

മേഘസന്ധി: ഇവിടെയുമില്ല.

മാധ്വീകൻ: കുമാര, നീ ആരെ അന്വേഷിക്കുന്നു?

മേഘസന്ധി: അച്ഛൻപെങ്ങളേ.

മാധ്വീകൻ: (ദാസിയോട്) മഹാറാണി എവിടേയാണ്?

ദാസി: അറിയില്ല. കുമാരൻ പതിവുപോലെ രാവിലെ മഹാറാണിയുടെ കൊട്ടാരത്തിൽ പോയത്രെ.

മാധ്വീകൻ: എന്നിട്ട്.

മേഘസന്ധി: അവിടെ ഇല്ല.

മാധ്വീകൻ: അന്വേഷിച്ചില്ലേ?

മേഘസന്ധി: സൈരന്ധ്രിയോട് ചോദിച്ചു. അവൾ കരയുകയാണ്.

ദാസി: കുമാരൻ പിന്നെ പ്രാസ്തിയുടെ കൊട്ടാരത്തിൽ പോയി.

മേഘസന്ധി: അച്ഛൻപെങ്ങൾ അവിടെ ചെന്നിരുന്നു. തപോവനത്തിലേക്ക് പോയത്രെ? മഹാബ്രാഹ്മണ, എവിടേയാണ് തപോവനം

ദാസി: കൊട്ടാരത്തിൽ അഭിഷേകം നടക്കുന്നതിന്റെ തിരക്കാണ്.

മാധ്വീകൻ: കുമാര, അച്ഛൻതിരുമേനിയുടെ അഭിഷേകച്ചടങ്ങിൽ കുമാരൻകൂടി നിൽക്കേണ്ടതുണ്ടല്ലോ.

മേഘസന്ധി: അച്ഛൻപെങ്ങളും വേണം. അച്ഛൻപെങ്ങളേയും കൂട്ടിട്ടുവേണം പോവാൻ. പറയൂ എവിടെയാണ് തപോവനം?

പ്രമീള: കുമാര, തപോവനം ഈ പ്രായത്തിൽ എത്താൻ കഴിയുന്നതിലും ദൂരത്താണല്ലോ.

മേഘസന്ധി:ഞാനെത്തും കടലിനക്കരെയാണെങ്കിലും ഞാനെത്തും.

പ്രമീള: ആട്ടെ, അഭിഷേകച്ചടങ്ങിൽ പങ്കെടുത്തശേഷം വരു. ഞാനും തപോവനത്തിലേക്കാണ്. ഇവിടെ കാത്തു നിൽക്കാം.

മേഘസന്ധി: ആദ്യം അച്ഛൻപെങ്ങളെ കാണുക! പിന്നെ അഭിഷേകം.

ദാസി: ഈശ്വരാ, ഞാനിപ്പോൾ എന്തു ചെയ്യും?

(തപോനത്തിന് അനുയോചിതവേഷത്തോടെ ആസ്തി പ്രവേശിക്കുന്നു)

ആസ്തി: കുമാര, ഞാൻ നിന്നെ അന്വേഷിച്ചു നടക്കുകയാണ്.

മേഘസന്ധി: (സങ്കോചം) അച്ഛൻപെങ്ങളേ! (അടുത്തുചെന്ന് നമസ്ക്കരിച്ചിട്ട് വികാരവൈവശത്തോടെ) ഞാൻ ഇനി കരയില്ല. മുത്തച്ഛനെ ഭീമൻ കൊന്നു. കൊന്നുവെന്നു കേട്ടപ്പോൾ, ഞാൻ ഓർമ്മയില്ലാതെ കരഞ്ഞതാണ്. ഇനി കരയില്ല. അച്ഛൻപെങ്ങൾ അത് പൊറുക്കില്ലേ

ആസ്തി: (മേഘസന്ധിയെ ആലിംഗനം ചെയ്ത്) കുമാര, നീ കുട്ടിയായതുകൊണ്ട് അച്ഛൻ പെങ്ങൾ പൊറുത്തിരിക്കുന്നു.

മേഘസന്ധി: അപ്പോൾ ഇനി, തപോവനത്തിലേക്ക് പോവില്ലല്ലൊ!

ആസ്തി: (വികാരവൈവശ്യത്തെ പണിപ്പെട്ട് ഒതുക്കികൊണ്ട്) കുമാര, നിന്നോട് പിണങ്ങീട്ടല്ലഞാൻ പോകുന്നത്. ഉശിരില്ലാത്ത ക്ഷത്രീയന്മാരെ കുറിച്ച് ലജ്ജിച്ചിട്ടാണ്.

മേഘസന്ധി: ആരാണ് അച്ഛൻപെങ്ങളെ ഉശിരില്ലായ്മ കാണിച്ചത്?

ആസ്തി: മുത്തച്ഛനെ കൊന്നവരുടെ കയ്യിൽ നിന്ന് ഇന്ന് കിരീടം വാങ്ങുന്ന ക്ഷത്രിയൻ.

മാധ്വീകൻ: (കുപിതനായി) മഹാറാണി, വളർന്നുവരുന്ന തയ്യിന്റെ കടയ്ക്കൽ തിളച്ച വെള്ളമൊഴിക്കരുത്.

ആസ്തി: (സഹാസം) അങ്ങിപ്പോൾ അധികാരസ്ഥനാണ്!

മാധ്വീകൻ: മൂന്നേമുക്കാൽ നാഴികനേരത്തേ രാജാധികാരത്തിന്റെ പേരിലല്ല, ഞാൻ സംസാരിക്കുന്നത്. ഒരു ബ്രാഹ്മണനിൽ ശാശ്വതമായിട്ടുള്ള ധർമ്മാധികാരത്തിന്റെ പേരിലാണ്.

ആസ്തി: നിർത്തണേ, ഈ ബ്രാഹ്മണ്യഘോഷം വീരാധിവീരനായിരുന്ന ജരാസന്ധമഹാരാജാവിന്റെ സദസ്സിലും മഹാഭീരുവായ അടുത്ത മഹാരാജാവിന്റെ സദസ്സിലും വേതനം കിട്ടുമെങ്കിൽ അങ്ങ് ഇതേ ഒച്ചയിൽ സംസാരിക്കുമല്ലോ! എനിക്കാകട്ടെ കുലസ്വത്തായ വീരതയെ നശിപ്പിക്കാതെ ഇവനെ വളർത്തണമെന്നുണ്ട്.

മാധ്വീകൻ: ഹേ, ക്ഷത്രിയസ്ത്രീകളെ, പിതൃഹത്യക്കു വഴിതെളിയിക്കുന്നതാണോ വീരത? ഭർതൃഹ

തൃക്ക് വിഷം കരുതുന്നതാണോ വീരത? നിങ്ങൾ ക്രൌര്യത്തെയാണ്, പിശാചിനെയാണ് സേവിക്കുന്നത്. മാധ്വികന്റെ പണക്കൊതി ഗിരിവ്രജത്തിന്റെ അക്ഷയപാത്രമായ ഖജനാവ് താങ്ങും. ദുഷ്ടേ, നിന്നിൽ കത്തിക്കാളുന്ന പകയെ ഏത് രാജവംശത്തിന് താങ്ങാൻ കഴിയും? (രോഷത്താൽ ജ്വലിക്കുന്നു

പ്രമീള: മഹാബ്രാഹ്മണാ, ദൈവഹതരായ ഞങ്ങളോട് ഇപ്പോൾ കോപിക്കുന്നത് ഉചിതമല്ല.

മാധ്വികൻ: വത്സേ, നീ തക്കസമയത്ത് എന്നെ ഓർമ്മപ്പെടുത്തു. (ശാന്തനാകുന്നു)

ആസ്തി: (മേഘസന്ധിയെ പുണർന്നുകൊണ്ട്, പ്രമീളയോട്) തപോവനത്തിലേക്ക് പോകുന്ന എനിക്ക് അവസാനത്തെ കാലുകെട്ടാണ് ഇത്. കുലധർമ്മത്തിനൊത്തവണ്ണം വളർത്താൻ ഇവനെ ഞാൻ ആരെ ഏൽപ്പിക്കും?

കൃഷ്ണൻ: (പ്രവേശിച്ച്) അമ്മായി. എന്നെ ഏൽപ്പിക്കു.

ആസ്തി: (തുളക്കുന്ന നോട്ടത്തോടെ) മഥുരയിൽ നിന്ന് നീയെന്നെ യാത്രയാക്കി. ഇപ്പോൾ മഗധത്തിൽ നിന്നും!

കൃഷ്ണൻ: അമ്മായി, ഈ രണ്ടിടത്തും രോഷം കൊണ്ടു ജ്വലിക്കുന്നതിനാൽ ഒരു ശോകഛായ ബാക്കിയിടാതെയാണ് അവിടുന്ന് ഇറങ്ങുന്നത്. കൃഷ്ണന് തികച്ചും ബഹുമാനമുണ്ട്.

ആസ്തി: കൃഷ്ണാ, നീ പ്രബലതയെ എവിടേയും തട്ടിമറച്ചിടുന്നു. ദൗർബല്യത്തിന് ചെങ്കോൽ കൊടുക്കാനാണ് നിനക്ക് വാസന. മഥുരയിൽ ഉഗ്രസേനൻ, മഗധത്തിൽ സഹദേവൻ. നീ ആര്യാവർത്തത്തെ നശിപ്പിക്കും.

കൃഷ്ണൻ: മാതൃതുല്യയായ രാജപുത്രി, കൃഷ്ണൻ പ്രബലതയുടെ ശത്രുവല്ല. പ്രബലതയിൽ നിന്നേ ദയ മുളയ്ക്കൂ. ക്രൗര്യമാണ് ദൗർബല്യം. ക്രൗര്യത്തെ നിഷ്കാസനം ചെയ്യുന്നതുകൊണ്ട് നശിക്കുന്നത് ആര്യവർത്തമാണെങ്കിൽ പോലും എനിക്കതിൽ സന്തോഷമേയുള്ളൂ.

പ്രമീള: മഹാറാണി, നമ്മൾ തപോവനത്തിലേയ്ക്കു പുറപ്പെട്ടവരാണ്. മനസ്സിൽ ക്ഷോഭത്തിന്നിടം കൊടുക്കുന്നത് ഈ സംരംഭത്തിന് യോജിച്ചതല്ല.

ആസ്തി: ശരിയാണ്, പക്ഷെ മേഘസന്ധി?

കൃഷ്ണൻ: ജര വളർത്താത്ത ഒരു സാക്ഷാൽ ജരാസന്ധ മഹാരാജാവാകുമാറ് ഞാനവനെ വളർത്തും. ഇക്കാര്യത്തിൽ അമ്മായിക്ക് കൃഷ്ണനെ വിശ്വസിക്കാം.

ആസ്തി: വത്സ, അച്ഛൻപെങ്ങൾ പരാജിതയാണ്. നീ നമ്മുടെ കുലമഹിമയ്ക്കൊത്ത് വളരുക. നിന്റെ മുത്തച്ഛനെ ഈ വംശത്തിന് സമ്മാനിച്ച മഹർഷിയുടെ മഹാശക്തി എപ്പോഴും നിന്നെ വലയം ചെയ്യട്ടെ.

മേഘസന്ധി: അച്ഛൻപെങ്ങളെ, ഞാനിനി കരയില്ല. (നമസ്കരിക്കുന്നു; എഴുന്നേൽക്കുമ്പോൾ കണ്ണീർ തൂകുന്നു. മുഖം തിരിക്കുന്നു. കൃഷ്ണൻ മേഘസന്ധിയുടെ കൈപിടിച്ച് അടുപ്പിക്കുന്നു.)

ആസ്തി: മഹാബ്രാഹ്മണാ, അങ്ങ് പരാജയപ്പെടുത്തിയ ആസ്തിക്ക് തപോവനത്തിലേയ്ക്ക് വിടതരൂ.

പ്രമീള: കൃതജ്ഞതാഭരിതയായ പ്രമീളയ്ക്കും അങ്ങു വിടതരണേ!

മാധ്വീകൻ: ഹേ, ക്ഷത്രിയസ്ത്രീകളെ, തപോവനം നിങ്ങളിൽ ശുദ്ധി ചേർക്കട്ടെ. (കയ്യുയർത്തി) സ്വസ്തി.

(യവനിക)